# മഷിപ്പച്ച

ഒരു വ്യാപാരകേരളം പ്രസിദ്ധീകരണം

പുസ്തകം 6 ലക്കം 9 പേജുകൾ 39 ഡിസംബർ 2025


ശ്രീജ വിജയൻ


സെയ്തലവി വിളയൂർ


വി പി ജോൺസ്


സതി സതീഷ്


യൂസഫ് നടുവണ്ണൂർ



സുഭാഷ് പോണോളി


നിത്യലക്ഷ്മി


ദർശന



ഷീബ ദിനേഷ്


നിബിൻ കള്ളിക്കാട്




## കാർട്ടൂൺ കേരളം:

## ബാലചന്ദ്രൻ എം ആർ




JOS ALUKKAS
A TRADITION OF FINE JEWELLERY
ഇന്ന് സ്വർണ്ണം വാങ്ങൂ
നാളെ നിങ്ങൾക്കത്
ഇരട്ടി സന്തോഷം നൽകും
YEAR END SALE
സ്വർണ്ണാഭരണങ്ങളുടെ
പണിക്കൂലിയിൽ
FLAT
50%
ഡിസ്കൗണ്ട്
പ്ലാറ്റിനത്തിന്
15% പണിക്കൂലിയിൽ ഡിസ്കൗണ്ട്
പഴയ 22 കാരറ്റ് സ്വർണ്ണാഭരണങ്ങൾ എക്സ്ചേഞ്ച് ചെയ്യൂ, ആനുകൂല്യങ്ങളോടെ
ഏറ്റവും പുതിയ ഡിസൈനുകൾ
അഡ്വാൻസ് ബുക്കിങ്ങിലൂടെ ഉയരുന്ന സ്വർണ്ണ വിലയിൽ നിന്ന് സംരക്ഷണം നേടൂ
*T&C Apply
എല്ലാ പർച്ചേസിനും ക്രിസ്തുമസ് സമ്മാനങ്ങൾ
ജോസ് ആലുക്കാസിൽ ഇപ്പോൾ സ്പെഷ്യൽ ഡയമണ്ട് കളക്ഷൻസ്
ഡയമണ്ട്സിന്
30%
ഡിസ്കൗണ്ട്
Round East, THRISSUR. Ph: 0487-2331812
Shop at josalukkasonline.com

# Editor's page:





ഓഫീസ്:

**മഷിപ്പച്ച മാസിക**

പി.ബി.റോഡ്,
എൽത്തുരുത്ത് പി.ഒ,
തൃശൂർ-680611, കേരളം.

website:
www.vyaparakeralam.com
www.varthakeralam.com

email:
mashippachamasika@gmail.com
vyaparakeralam@gmail.com
varthakeralamdaily @gmail.com

Phone: 094471 89032

എഡിറ്റർ:
**സി. ആർ. രാജൻ**

സ്പെഷൽ കറസ്പോണ്ടന്റ്:
**ഫ്രാങ്കോ ലൂയിസ്**

കറസ്പോണ്ടന്റ്:
**സി. ജി. അശോകൻ**

ടെക്നിക്കൽ ഡയറക്ടേഴ്സ്:
**ജെഫി മാത്യു ജോസ്**
**മിലു മേരി**
**റയൻ ജോസഫ്**




**ഡി**സംബർ പൊതുവേ സമ്മിശ്ര അനുഭൂതികളാണ് ഒരാളിൽ ഉണർത്തുക. പോയ ഒരാണ്ട് ക്രമപ്പെടുത്തിയ, പൊളിച്ചെഴുതിയ, അതിരുകളൊഴിവാക്കിയ, അടഞ്ഞതും അടച്ചിരുന്നതുമായ നിരവധി ഓർമ്മകൾ... അതോടൊപ്പം, കൈയകലെ എത്തിയ പുതുവർഷം സമ്മാനിച്ചേക്കാവുന്ന കൗതുകങ്ങളും നേരറിവുകളും ആഗ്രഹിക്കാതെ കടന്നെത്തുന്ന വിഹ്വലതകളും...

ആയുസ്സിൽ നിന്നും ഒരേട് പറന്നു പോകുന്നു. അനിവാര്യതയെ ആഘോഷമാക്കുന്നതിലൂടെ, നാമെല്ലാം സ്വയം ബോധ്യപ്പെടുത്തുവാൻ ശ്രമിക്കുകയല്ലേ, നഷ്ടം എന്ന ഒന്നില്ലെന്ന്. കണ്ടതും കേട്ടതും നടന്നതുമെല്ലാം നേട്ടം തന്നെ. ചിരിച്ചതും കരഞ്ഞതും ദേഷ്യം കൊണ്ടതും അസൂയ പെട്ടതും കലഹിച്ചതും വീണതും വീഴ്ത്തിയതും ചതിച്ചതും ഭയന്നതും നഷ്ടമാകുന്നതെങ്ങനെ? കിട്ടിയതു കിട്ടി. അത്ര തന്നെ.


പുതുവർഷം സമ്മാനച്ചെപ്പ് വെച്ചു നീട്ടുമെന്ന സ്വപ്നമെന്തിന്? പ്രത്യാശ വെക്കേണ്ടത് സ്വന്തം പ്രയത്നത്തിലാണെന്ന തിരിച്ചറിവ് നൽകുന്ന ഊർജത്തിന് പകരം മറ്റൊന്നുണ്ടാകില്ല.

വെച്ചുരുട്ടി വായിൽ തിരുകി തരുമെന്ന പഴയകാല മണ്ടത്തരം പുതുതലമുറ പിൻ ചെല്ലുന്നില്ലെന്നത് പ്രത്യാശ പകരുന്നതാണ്. അന്നം കണ്ടെത്തേണ്ടത് സ്വയം ആണെന്ന ബോധ്യം ചെറുപ്പക്കാരിൽ വേരൂന്നിയിട്ടുണ്ട്. ജീവിതയാത്രയിൽ തുടർച്ചയായി സ്വയം റിഫ്രഷ് ചെയ്യുന്നതും പുതു പാതകൾ തേടുന്നതും കണ്ടെത്തുന്നതും വീഴ്ചകൾ പോലും ചവിട്ടുപടികളാക്കി കയറി പോകുന്നതും ചെറുപ്പക്കാർക്ക് കരുത്തായിട്ടുണ്ട്.

എഴുത്തിന്റെ വഴിയിലും ഇത്തരം വേറിട്ട സഞ്ചാരങ്ങൾ ദൃശ്യമാകുന്നു. ഈ വർഷത്തെ അവസാന ലക്കം, അങ്ങനെ നമ്മെ ചിന്തിപ്പിക്കുന്ന, അലോസരപ്പെടുത്തുന്ന, വിസ്മയിപ്പിക്കുന്ന രചനകളുമായി പുറത്തിറക്കാൻ സാധിച്ചതിൽ മാസിക പ്രവർത്തകർ സന്തുഷ്ടരാണ്. പോയ വർഷങ്ങളിൽ മാസികയിൽ എഴുതിയവർക്കും മാസികയുടെ വായനക്കാർക്കും സഹകാരികൾക്കും പരസ്യദാതാക്കൾക്കും നന്ദി അറിയിക്കട്ടെ. പുതുവർഷം ഏവർക്കും കർമ്മോത്സുകമാകട്ടെ എന്നാശംസിക്കുന്നു.

**സി ആർ രാജൻ**
**എഡിറ്റർ**



# അകത്താളുകളിൽ

## കഥ


ദർശന ............................. പേജ് 23
പ്രൊഫ വി പി ജോൺസ് ........ പേജ് 28
ഡോ. കിരൺ വിൻസെന്റ് ..... പേജ് 30
അപർണ സുജയ................. പേജ് 31
ശ്രീശുഭ ............................ പേജ് 35
കുഞ്ഞച്ചൻ മത്തായി ........... പേജ് 36


## ലേഖനം


ബിനു വെളിയനാടൻ ........... പേജ് 20


## കാർട്ടൂൺ



എം.ആർ.ബാലചന്ദ്രൻ ........... പേജ് 5



## കുട്ടികളുടെ മഷിപ്പച്ച


വര, കവിത ........................ പേജ് 37


## കവിത


സെയ്തലവി വിളയൂർ ............ പേജ് 6
ഷീബ ദിനേഷ് ..................... പേജ് 7
യൂസഫ് നടുവണ്ണൂർ .............. പേജ് 8
ശ്രീജ വിജയൻ ..................... പേജ് 9
സുഭാഷ് പോണോളി ............. പേജ് 10
നിത്യാലക്ഷ്മി എൽ.എൽ. ...... പേജ് 11
നിബിൻ കള്ളിക്കാട്............. പേജ് 12
സതി സതീഷ് ..................... പേജ് 13
ജയപാലൻ കാര്യാട്ട് .............. പേജ് 14
ഷഫീന സൈത്തൂൻ............. പേജ് 15
കൃഷ്ണകുമാർ മാപ്രാണം ...... പേജ് 16
രേഖ സി.ജി. ...................... പേജ് 17
കെ.സന്തോഷ് .................... പേജ് 18
സരസ്വതി ബിജു .................. പേജ് 19



നായർ മാട്രിമോണി .കോം
ഈഴവ മാട്രിമോണി .കോം
ക്രിസ്ത്യൻ മാട്രിമോണി .കോം
മുസ്ലിം മാട്രിമോണി .കോം
ബ്രാഹ്മണ മാട്രിമോണി .കോം
വിശ്വകർമ്മ മാട്രിമോണി .കോം
നവോത്ഥാന .കോം
ധീവര മാട്രിമോണി .കോം
പുലയ മാട്രിമോണി .കോം

എം.ആർ. ബാലചന്ദ്രൻ



# സാന്ത്വന മഴ



സെയ്തലവി വിളയൂർ



സ്നേഹപ്പുഴ
മണ്ണിട്ടു നികത്തിയാണ്
വാശിപ്പുറത്തൊരു
മരുഭൂമി പണിതത്..

കുട പിടിച്ച് തന്ന്
കൂടെ നിന്ന തണൽ
വെയിലിനെ പ്രണയിച്ചപ്പോൾ
ചില്ല കരിഞ്ഞൊരു
ഒറ്റത്തടിയായ് ഞാൻ..

ചുടുനിലം ഉമ്മവെച്ച്
പൊള്ളിച്ചടർത്തിയ പാദങ്ങളിൽ
പൗരത്വമില്ലാത്ത രാജ്യങ്ങളുടെ
ഭൂപടം തെളിഞ്ഞുവന്നു..

ആഗ്രഹമില്ലാതിരുന്നിട്ടും
മരീചികകളെ മാത്രം കൂട്ടുപിടിച്ച്
ഒറ്റയ്ക്കു ഞാനൊരു
മരുഭൂമി സ്വന്തമാക്കി..

തീനാളങ്ങൾ തിന്ന്
വെയിൽചേല പുതച്ച്
മണൽതരികളെ മാറോടണച്ച്
ഏകാന്തതയുടെ കൂരയിലങ്ങനെയങ്ങനെ...

ഒടുവിലൊരു പ്രതീക്ഷയുടെ തൈനട്ടു
കണ്ണീര് കൊണ്ട് നനച്ചു
ക്ഷമകൊണ്ട് വളമിട്ടു
അത് മരമായി
കാടായി, മേഘമായി..
എന്റെ വരണ്ട ഹൃത്തിലേക്ക്
മഴയായ് വർഷിച്ചു
സ്നേഹത്തിന്റെ, ആശ്വാസത്തിന്റെ
ഓരോ തുള്ളിയായ്...

# എന്നിലിങ്ങനെ ഇറങ്ങിനടക്കരുത്

നോക്കൂ,
അശ്രദ്ധമായൊരു
വഴിതെറ്റലിൽ പോലും
എന്നിലെ
നിഗൂഢമായ വിജനതയിലേക്ക്
ഇറങ്ങിനടക്കരുത്.

നടന്നുനടന്ന്
തിരിച്ചുകയറാൻ പടവുകളില്ലാത്ത
തഴച്ചുവളരുന്ന മൗനത്തിന്റെ
 കൈതക്കാട്ടിൽകുരുങ്ങി
മുറിവേറ്റകാറ്റുപോലെ നിങ്ങളും
ചോരവാർന്ന്
അലയേണ്ടിവരും.

നിശബ്ദമെന്നുതോന്നുമെങ്കിലും
ഇരുട്ടുതീണ്ടിയ
അകങ്ങളിലെല്ലാം
അമർത്തിയ നിലവിളികളെ
കരിയിലകളിൽ
മുദ്രണംചെയ്തുവെയ്ക്കുന്നത് കാണാം.
ചികയാൻ നിൽക്കരുത്,
ഒരുരച്ചിലിൽപോലും
പുകഞ്ഞുപുകഞ്ഞ്
കാട്ടുതീ പടർന്നേക്കാം

തോരാതെ പെയ്ത
പെരുമഴയിൽപോലും
ഉള്ളംനനയ്ക്കാതെ
തുളുമ്പിപ്പോയ
പാഴ്ത്തുള്ളികളിലേക്ക്
ശൂന്യമായൊരുഹൃദയത്തെ
മലർക്കെത്തുറന്നുവയ്ക്കുന്ന
കാട്ടുചേമ്പുകൾകാണാം.
തൊടരുത്,
ഒരു നോക്കിൽപോലും
നിങ്ങൾ ചൊറിഞ്ഞുതിണർത്തേക്കാം.

വറ്റിയെന്നുകരുതി
കണ്ണിലെ കടവിൽനിന്നും
പുഴമുറിച്ചുകടക്കാൻ ശ്രമിക്കരുത്
ഉരുൾപൊട്ടിയ
മലവെള്ളപ്പാച്ചിലിൽ
നിങ്ങൾ തകർത്തെറിയപ്പെട്ടേയ്ക്കാം.

ഒരൊറ്റ മുറിവിന്നോർമ്മയിൽ




ഷീബ ദിനേഷ്

ആരിലോ തളംകെട്ടിയുറഞ്ഞുപോയ
തടാകങ്ങളുണ്ട്.
ഒരു വാക്കിന്റെകല്ലുപോലും
എറിയരുത്,
മൗനമുടഞ്ഞൊരലയിൽപ്പോലും
ഒരു കൂറ്റൻതിരയുടെ മുരൾച്ച
നിങ്ങളിലേക്കലച്ചുവന്നേക്കാം

നോക്കൂ
എന്നിലേക്കൊരിക്കലും
ഇറങ്ങിവരരുത്.
ഉന്മാദത്തിന്റെ
കാട്ടുവള്ളികളിൽക്കുരുങ്ങി
വന്യമായൊരു ഏകാന്തതയിൽ
നിങ്ങളും തടവിലാക്കപ്പെട്ടേയ്ക്കാം

# അസ്തമയം



അസ്തമിച്ചു പോകുന്ന സൂര്യൻ
ഒരു പകലിനേയും
മതിവരെ കണ്ടു തീരുന്നില്ല
ഒന്നും മിണ്ടാതെ വിടവാങ്ങുമ്പോൾ
കരളിൽ തട്ടി മറിഞ്ഞ
ചായപ്പാത്രത്തിലെ നിറങ്ങൾ
പല ചാലുകളിലൂടൊഴുകുന്നത്
നിസ്സംഗനായി നോക്കി നിൽക്കും!

താഴ്ന്നും ചെരിഞ്ഞും,മവ
പല രൂപങ്ങൾ തീർക്കും
ചിലത് പൂക്കളായ് നിറയും
കാട്ടാനയായ് കുത്താൻ വരും
മേളക്കാരായ് കുഴലൂതും
നർത്തകിമാരായ് ചുവടു വെയ്ക്കും
തേരും തേരോട്ടവും തീർക്കും
ചിലപ്പോൾ
ചോരക്കണ്ണു തുറിച്ച് പല്ലിളിക്കും!

അപ്പോൾ
തീവെയിൽ താണ്ടി തളർന്ന പകൽ
നിശ്ശബ്ദനായി യാത്ര പറയുന്ന
സൂര്യനെയോർത്ത്
ഏതോ അപരാധ ബോധത്താൽ
തല കുനിക്കും!

ഇരുട്ട് പുതച്ച പകൽ
നക്ഷത്രക്കണ്ണുകൾ തുറന്ന്
ഭൂമിയെ ഒളിഞ്ഞ് നോക്കും
കറുത്തുപോയ കിളികളേയും
പൂമ്പാറ്റകളേയും പുൽച്ചാടിയേയും
നോക്കി നെടുവീർപ്പിടും
മേഘപ്പാട വകഞ്ഞു മാറ്റി
വെളിച്ചത്തിലേക്ക്
ഊളിയിടാൻ കൊതിയ്ക്കും

അപ്പോൾ
ഒരു ചെറു കാറ്റിൻ
ഇലയനക്കത്തോടെ
കിഴക്കൻ വാനം ചുവക്കും
ഇരുൾ തിന്ന പകൽ വീണ്ടും
പതിയെപ്പതിയെ തെളിഞ്ഞു വരും !



**യൂസഫ് നടുവണ്ണൂർ**

# കടന്നുപോവുന്ന നേരങ്ങൾ



ചില നേരങ്ങളിൽ നീയില്ലാതെ
മുന്നോട്ടു പോകലാണു കഠിനം
മറുകരയറിഞ്ഞിട്ടും ഒരിക്കലും
എത്തിചേരാനാവാത്ത
വഴിയാത്രക്കാരിയെപ്പോലെ

ചില നേരം, നിന്റെ മൂളലില്ലാതെ
വാക്കുകൾ പൂർത്തിയാക്കലാണു കഷ്ടം
നിഘണ്ടു മുന്നിലുണ്ടായിട്ടും
അർത്ഥം തേടുന്ന പഠിതാവിനെപ്പോലെ .

ചില നേരം നിന്റെ കുറിമാനങ്ങളില്ലാതെ
കാത്തിരിക്കുന്നതേ വിഫലം
ഉണ്ടാവില്ലെന്നറിഞ്ഞിട്ടും നോക്കിയിരിക്കുന്ന
കത്തു പോലെ.

ചില നേരം നിന്റെ സാമീപ്യമില്ലാതെയീ -
പ്പടിക്കെട്ടിറങ്ങലേ വിങ്ങൽ
നിപതിക്കുമെന്നറിഞ്ഞിട്ടും
പാകമാവുന്നപഴം പോലെ.

ചില നേരം നിന്നെ പറഞ്ഞു
ബോധ്യമാക്കലേ
ചെങ്കുത്തായ മലകയറ്റം.
നിരങ്ങി കയറിയിട്ടും
പതിച്ചു പോയ പാതാള ഗർത്തം

ചില നേരം പങ്കുവെയ്ക്കലേ
അപൂർണം
ദിക്കറിയാതെ പറന്നു
കളിക്കുന്ന പഞ്ഞിത്തുണ്ടു പോലെ
ആകാശക്കാഴ്ചകളുടെ - അറിവാളങ്ങളറിയാതെ
വിസ്മയം നിറച്ചു മറിച്ചു പോവുന്ന
കുഞ്ഞു കളി പോലെ

ചില നേരം സ്വപ്നങ്ങളെ
വൃത്തത്തിലൊതുക്കലേ,
ഭ്രമാത്മകം
മണ്ണിലൊതുങ്ങാത്ത വേരു പോലെ
വരികൾക്കിടയിലൂടെ
ആഴ്ന്നിറങ്ങി കനക്കാൻ
ഒഴുകി പരന്ന്
കലഹം വിധിക്കുന്നവർ.

ഇനി
സമാന്തര രേഖകളായി പടരാം
അനാദിയായി .....
കൂട്ടിമുട്ടാറില്ലെങ്കിലും , അടുത്തുണ്ടാവുമല്ലോ.



ശ്രീജ വിജയൻ.

കവിത

# തലവര





**സുഭാഷ് പോണോളി**

നിന്നെ പച്ചകുത്തിയ എന്റെ ചുംബന ലിഖിതങ്ങൾ
വേരോട്ടം നടത്തിയത് കടൽ തിളയ്ക്കുന്ന
നിന്റെ മൃദുലയാഴങ്ങളിലേയ്ക്ക്.

ചമഞ്ഞു കിടക്കുന്നയി താഴ്‌വാരത്തിലെ
ഉച്ചനീചത്വങ്ങളുടെ സമയ സൂചികൊണ്ട്
അടയാളപ്പെടുത്തിയ മൂവന്തികൾ വഴിപിരിയുന്നു.

കറുത്ത രാത്രി ജാലകത്തിലൂടെ വന്ന
ശീതക്കാറ്റിലെ തേങ്ങലുകളുടെ വരികൾ
ആരുടേതാണ്.

നക്ഷത്രയിലകളിലെ തളർന്നുറങ്ങുന്ന
ആകാശമേഘങ്ങൾക്കിടയിലൂടെ
പറന്ന പറവകളായിരുന്നു നാം.

സ്വർണ്ണനൂലിഴകളിലൂടെ ഇറങ്ങി വന്ന
പകൽമേഘങ്ങൾക്ക് നീലിമ പകർന്നവർ.

ഇപ്പോൾ നമ്മെ രണ്ടാക്കി പ്രണയഗർത്തത്തിലെ
ശ്വാസമില്ലാതെ ശൂന്യതയിലിരുന്നാണ്
ഞാൻ കവിതയിൽ നിന്നെപൂരിപ്പിച്ചത്.

കിതപ്പിന്റെ കുതിരകൾ ഉറങ്ങുന്ന
ശയ്യയിലെ പൊട്ടിയ കടിഞ്ഞാണിന്
വിലപറയുന്നവരുടെ പാപഭാര
ഭാണ്ഡങ്ങൾ ചുമന്നെന്റെ നടുവൊടിയുന്നു.

കിഴക്കുണരുന്ന തേജസിനി പക്ഷിയുടെ
ശിരഛേദ രാത്രിയായിരുന്നു ഇന്നലെ.

ഇരുട്ടിന്റെ കുരൾ ഭേദത്തിനപ്പുറം
ഇന്നലെകളുടെ ശവപ്പറമ്പിലെ
മരങ്ങളിലെയിലകൾ വേലിയിറക്കംപോലെ കൊ
ഴിയുന്നു.

ജ്വരങ്ങളില്ലാതെ വിശന്നുമരിച്ച
കുഞ്ഞുങ്ങളുടെ തണുത്ത കൈകളിലെ
രേഖകൾ നമ്മുടെ തലവരകൾക്ക് വഴികാട്ടുന്നു..

# ഒളിച്ചുകളി



നിത്യാലക്ഷ്മി എൽ.എൽ.

നോക്കൂ,
ഞാൻ നോക്കി ചിരിച്ചിട്ടും
നീയെന്തേ ചിരിച്ചില്ല?
ഞാനൊന്ന് തൊട്ടിട്ടും
നീയെന്തേ കുളിർന്നില്ല?
ഞാനൊപ്പം വിളിച്ചിട്ടും
നീയെന്തേ പോന്നില്ല?
നീയിനി വരില്ലെന്ന്,
നീയിനി ചിരിക്കില്ലെന്ന്,
നീയെന്നെയൊന്നിനി
പുണരില്ലെന്ന്,
പറഞ്ഞവരൊക്കെക്കൂടി,
നിന്നെ ചിതയിലിറക്കി;
എന്നെ ചങ്ങലയിലാക്കി!
നോക്കൂ,
ഞാനിപ്പോൾ ചിരിച്ചിട്ട്
യുഗങ്ങളെത്ര കഴിഞ്ഞുവെന്നോ?
ഞാനിങ്ങനെ അലഞ്ഞലഞ്ഞ്
കാലമെത്ര കടന്നുവെന്നോ?
ഏത് കാറ്റിനൊപ്പമാണ് നീ,
അപ്രത്യക്ഷയായത്?
ഏത് കടലിലാണ് നീ
മുങ്ങിത്താഴ്ന്നത്?
ഏത് മഴയ്ക്ക് പിന്നിലാണ് നീ,
മാഞ്ഞുകളഞ്ഞത്?
എവിടേക്കാണ് നീ,
നിന്നെ തിരുകിവച്ചത്?
അപ്പുറം,
കുറുകുന്ന ഒരു പ്രാവ്.
ഇപ്പുറം,
കൂകിപ്പാടുന്ന ഒരു കുയിൽ.
ഇടയിൽ,
പേടിച്ചരണ്ട ഒരു പേടമാൻ.
ഇതിലേതാണ് നീ?
ഇനിയുമെന്നെ കബളിപ്പിച്ച്,
ഏത് ശരീരത്തിനുള്ളിലാണ്
നീ ഒളിവിലിരിക്കുന്നത്?
ഏതുലകത്തിലിരുന്നാണ്
നീയീ ഒളിച്ചുകളി തുടരുന്നത്?

# ആത്മഹത്യയ്ക്ക് മുമ്പെഴുതിയ അവസാന കവിത



കവിത



നിബിൻ കള്ളിക്കാട്

ഒരാൾ നിരാശയുടെ ഒടുവിൽ
ആത്മഹത്യയ്ക്കു തൊട്ടുമുൻപെഴുതിയ
അവസാനകവിത നിങ്ങൾ വായിച്ചിട്ടുണ്ടോ!

ആ കവിത ജീവിതസ്വപ്നങ്ങളിൽ
തോറ്റുപോയവരുടെ രാജ്യത്തായിരിക്കുമത്
വേദനയിൽ പിറവികൊള്ളുക ,
അലങ്കാരങ്ങളുടെ വാഴ്ത്തുപാട്ടിൽ
അഹങ്കാരമില്ലാതെ ആകാശം
അപ്പോഴും ആ കവിത വായിക്കും...

ആ കവിതയ്ക്കലങ്കാരമായി
അന്നുവരെ മുങ്ങിനീന്തിയ
കണ്ണീർ താടാകത്തിനരികിൽ
ചുറ്റും പൂക്കാലം വന്നുനിൽക്കും,
അപ്പോഴുമോർമ്മകളുടെ ഓളങ്ങളിൽ
വിഷമങ്ങളുടെ പരൽമീനുകൾ
പരസ്പരം കൊത്തിനിൽക്കും..

മരണമൊരു ശൂന്യതയാണെന്നും
ജീവിതം വെറുമോർമ്മയാണെന്നും
ഒറ്റയ്ക്കായി പോയൊരു നിഴൽ
ആരെയും കാണാതവിടെ പറഞ്ഞു
ഒറ്റയ്ക്കായി അലഞ്ഞുനടക്കും ,
അപ്പോഴും അന്നുവരെയുള്ള
തെറ്റിപ്പോയ ചിന്തകളുടെ
വേരുകളിൽ വെറുപ്പിന്റെ
പശ്ചാത്താപ ലവണങ്ങൾ
പ്രവഹിക്കുകയായിരിക്കും,

പരസ്പരം പറയാതെ മറന്നുവച്ച
പരിഭവങ്ങളിൽ ക്ഷമാപണങ്ങളിൽ
മോഹങ്ങളെല്ലാമാരും കാണാതൊളിപ്പിക്കും,
ആത്മഹത്യയ്ക്കു തൊട്ടു മുൻപെഴുതിയ
ജീവിതമെന്ന് പേരിട്ടകവിതയിൽ
വരണ്ടുണങ്ങിയ നാവിലവസാനമായി
പറഞ്ഞുതീരാത്ത വാക്കുകളെ
തലോടി നിൽക്കുന്ന മൗനം
പതിയെ തലകുമ്പിട്ടുനടക്കും..,,
പരിണാമമില്ലാത്ത ജീവിതം നോക്കി
പാമ്പുകളെ പോലെ അനുഭവത്തിന്റെ
വിഷമൊളിപ്പിച്ചവ മറഞ്ഞുനിൽക്കും,

ഗർഭത്തിൽ ചാപിള്ളകളാകുന്ന
കുഞ്ഞുങ്ങളുടെ ആത്മാക്കൾ
വന്നവിടെ ഭൂമിയിൽ വിജയിച്ചവർ
ഞങ്ങൾ മാത്രമാണെന്നുറക്കെ
പറഞ്ഞു ആനന്ദനൃത്തം ചെയ്യും.

എല്ലാം നഷ്ടപ്പെടുന്നുവെന്ന
തോന്നലിന്റെ ചൂടിൽ നിന്നാണ്
മരണത്തിന്റെ തണുപ്പിനെ
മനുഷ്യർ പ്രണയിക്കുകയെന്ന്
കാലം ആശ്വസിപ്പിക്കുമ്പോൾ

ആത്മഹത്യയുടെ വാതിലടച്ച
നിമിഷത്തിന്റെ പൊട്ടിച്ചിരിയിൽ
അപ്പോഴുമയാൾ വെറുതെ
ഒന്നിനുമല്ലാതെയൊന്ന് പുഞ്ചിരിയ്ക്കും ,

ഭൂമിയിലെഴുതിവച്ച കവിതയ്ക്ക്
ജീവിതമെന്നവസാനമായി
തലക്കെട്ട് നൽകിയിട്ട്
അന്നുവരെ നടന്നുപോയ
ദൂരങ്ങൾ വെറുതെയൊന്നോർക്കും,

പുഞ്ചിരിയുടെ അതിർവരമ്പുകൾ
ഭേടിച്ചെത്തിയ സങ്കടത്തിന്റെ
കൊടുങ്കാറ്റിൽ ഒരു നിമിഷം
അയാൾ മിഴിയടയ്ക്കും,
പെട്ടെന്നൊരു നൊടിയിൽ
അയാളെ മരണം പുൽകും...,

ആത്മഹത്യ ചെയ്തവരുടെ
കവിതയെന്നത് ജീവിച്ചിരിക്കുന്നവരുടെ
വിധിയോർമ്മപ്പെടുത്തി
വാക്ക് മൗനമായി മാറും ,

ആ അവസാന കവിത
വായിക്കുമ്പോൾ മാത്രം
ചിലരെങ്കിലും പറയും...
അല്ലെങ്കിലും മരണത്തെക്കാൾ
വലിയൊരു ജീവിതകവിത
അയാളിലുണ്ടാകില്ലെന്ന സത്യം..!

# എനിക്കായ് കരുതിവെയ്ക്കുക



നിണമൊഴുകുന്ന മുറിവുകൾ
പോലെ നീ അകലെ മായുന്നുവെങ്കിലും
സന്ധ്യേ....
നീ തന്ന ചെമ്പട്ടിനാൽ മൂടിപ്പുത
ച്ചർക്കനാഴിയിൽ മുങ്ങുമ്പോൾ
വീണ്ടുമുദിക്കാതെൻ താപങ്ങൾ
ജലധിയിലാഴ്ന്നു മായട്ടെ ഇരുളിന്റെ
പടിവാതിൽ താണ്ടി നീ
വീണ്ടുമെത്തിടുമ്പോൾ ഹൃദയത്തിൽ
കുങ്കുമപ്പൂക്കൾ ചാലിച്ച
ഒരോർമ്മ മാത്രമായ് ഞാൻ മാറും

അന്നു നിൻ മിഴികളിൽ നിന്നുതിരും
കണ്ണീരൊപ്പാൻ
ഉയരാത്തൊരർക്കനെ തേടി
നിൻ മിഴികളലയുമ്പോൾ
നിൻ കവിളിൽ
അരുണിമ തീർക്കുന്ന എന്റെയീ
മൗനവും തേടി എൻ ചിത
എരിച്ചൊരീ മണ്ണിൽ നീ
നിലാവറ്റ രാവിലും
വെയിലറ്റ പകലിലും
നിൻ നെഞ്ചിലെരിയുന്നോരഗ്നിയായ്
പുകയുക
നഷ്ടബോധത്തിൻ അലകൾക്കപ്പുറമൊരു
ഒഴിഞ്ഞകൂടെനിക്കായ്
കരുതി വെക്കുക.



സതി സതീഷ്



# എഴുതാപ്പുറങ്ങൾ



ജയപാലൻ കാര്യാട്ട്

മുറതെറ്റി വരുന്ന വാക്കുകൾ
മുറിവേൽപ്പിച്ചിടുന്നെത്ര മാനസം.
മറുവാക്കോതി പഴുതടച്ചിടാൻ
മറിമായങ്ങൾക്കിടമില്ല തെല്ലുമേ.
വലവീശിയെറിഞ്ഞിര തേടുവോർ
പഴികേട്ടു മടുത്തു നാൾക്കുനാൾ.
നിഴലായ് കൂടെക്കൂടിയ ചിന്തകൾ
പിഴവായ് പടിയടച്ചു പോയതും
മതിയാവോളമെടുത്തു കൂട്ടിയോർ
മതിയായെന്നുര ചെയ്യുവാൻ മടി.
വഴിതെറ്റി വരുന്നവർക്കിടം
വഴിയമ്പലമെന്നതോർക്കവേ
കുതികൊള്ളാനിന്നുറച്ചു കാലടി
കൊതിതീരാതണഞ്ഞു ജീവിതം.
പിടിവിട്ടകന്നകന്ന ചൊല്ലുകൾ
ഇടിവെട്ടിൻ ചില്ലുലഞ്ഞപോൽ.
കൊതിതീരാതാശകൾ മറക്കുവാൻ
തിരതല്ലിത്തകർത്ത തീരവും.
പറയാനേറെ മുറിഞ്ഞു വാക്കുകൾ
എഴുതാനേറെപ്പുറങ്ങൾ ബാക്കിയായ്!



ഷഫീന സൈത്തൂൻ



# ഒരു ഡയറിക്കുറിപ്പ്

അനന്തമായ ആകാശച്ചെരുവിലെ അസ്തമയാഗ്നിയെ
പ്രണയ വിശുദ്ധിയിൽ നിറച്ചുവെക്കാനാവുമെന്ന്
ഞാൻ വിശ്വസിക്കുന്നു

ഒരുസാഗരത്തിന് ഒറ്റക്ക് ജീവിക്കാനാവുന്നതു
പോലെ മഹത്തരമാണത്

തിരയും തീരവും തമ്മിലുള്ള ഉടമ്പടി
പോലെ ഉറപ്പുള്ളതാണത്.

ആകാശത്ത്
ഒറ്റ നക്ഷത്രം അയാൾക്കുവേണ്ടി പൂത്തു
നിൽക്കുന്നതു പോലെ വ്യക്തതയുള്ളതുമാകുന്നു.

ഒരു തുമ്പപ്പൂ
പ്രകൃതിയെ വീക്ഷിക്കുന്നതുപോലെ ശാന്തമാണത്.

എന്നിലെ വെളിച്ചവുംതീയും സെനീർ
പാർവ്വതനിരകളിൽതട്ടി കടലുപ്പുതാണ്ടുമ്പോൾ
വിടർന്നു നിൽക്കുന്ന ജക്കരന്തപ്പൂക്കൾ ഞാൻ കാണുന്നു

പൈൻമരക്കാടുകളിലെ നിഴലുകളെന്റെ
രഹസ്യം ചോർത്തുന്നു

അമാനയുടെ കൊടുമുടിയിൽ നിന്ന്
പിറവിയെടുത്തതിനെ
ഞാൻ എങ്ങനെ ഉപേക്ഷിക്കും?

അവയിലെ പ്രണയ രശ്മികളെ
ഞാൻ ഒരിക്കലും ഊരിയെടുക്കില്ല

ഏതു തടാകക്കരയിൽ നിന്നാണ്
അതിന്റെ ഉറവയെന്ന് എനിക്ക് അറിയുകയേ ഇല്ലല്ലോ..!

എന്നിലെ മഞ്ഞുടയാടയിൽ പതിഞ്ഞ ഒരു
തുള്ളി കടൽ നീലിമയിൽ ഞാൻ ജീവിച്ചു
മരിക്കുന്നതിനോളം മറ്റെന്തു പ്രണയ
വിശുദ്ധിലാണ് ഞാൻ വിശ്വസിക്കേണ്ടത്?

ഡിസംബറിലെ ഈ തണുത്ത മരവിപ്പിനോളം
ഞാൻ എന്നെ തടുക്കാത്തതിന്റെ കാരണം,
കടലുപോലെ,
ആകാശത്തിനും
ഒറ്റയ്ക്ക് ജീവിക്കാൻ കഴിയുമെന്നത് തന്നെയാണ്..!



# നിരത്ത്



കൃഷ്ണകുമാർ മാപ്രാണം

നിരത്തിലൊക്കെയും
നിരന്നുപോകുന്ന
ഇരമ്പിപ്പായുന്ന
ഇരുണ്ടചക്രങ്ങൾ

ഗതിയില്ലാത്തോരും
ഗമകാണിച്ചീടാൻ
കറുത്ത ചക്രത്തിൻ
കനത്ത വേഗത്തിൽ

നിരത്തിലൊക്കെയും
നിറഞ്ഞുപോകുന്ന
കുതിച്ചു പായുന്ന
കറുത്ത ചക്രങ്ങൾ

ഉരുണ്ട ഭൂമിതൻ
കറങ്ങും വേഗത്തെ
കവച്ചുവയ്ക്കണം
കടുത്തവേഗത്താൽ

വെളിച്ചവേഗത്തെ
പിന്നിലാക്കണം
ശബ്ദവേഗത്തെ
മുറിച്ചുതള്ളണം

നിരത്തിനപ്പുറം
മുറിച്ചുകടക്കുവാൻ
കടലുനീന്തുന്ന
കഠിനസാഹസം

വെളുപ്പും കറുപ്പും
വരയിൽ നിന്നാലും
കുതിച്ചു വന്നിടും
കറുത്തചക്രങ്ങൾ

നിരത്തിലൂടൊന്നു
നടന്നുപോകുമ്പോൾ
ഇരമ്പിപ്പായുന്നു
കറുത്ത ചക്രങ്ങൾ


നിരത്തിലൊക്കെയും
നിണമൊഴുക്കുന്ന
കുതിച്ചു പായുന്നു
കറുത്തചക്രങ്ങൾ

കവിത

# ആരാണു നീ



രേഖ സി.ജി.



അറുത്തറുത്ത് വേവിച്ച
മാംസഗന്ധത്തിന്റെ പകർച്ചകൾ
പല്ലിനിടയിൽ പുളിച്ചുതികട്ടുന്നു.

അന്ധകാരത്തിന്റെ കറുപ്പുനിറത്തിൽ
ചുറ്റിപ്പടർന്നുനിൽക്കുന്ന
നിഴലുകൾ തീണ്ടാരപ്പുരയുടെ
അകകാഴ്ചകളിൽ
വിറങ്ങലിക്കുന്നു.

അസ്തമയത്തിന് സൗന്ദര്യമല്ല
മരണത്തിന്റെ ചുവപ്പാണെന്ന്
കടൽ സൂര്യനോട് പറയുന്നത്
ഭൂമി ഒളിച്ചുകേൾക്കുന്നു.

പ്രഭാതത്തിനെ എത്തിപ്പിടിക്കാൻ
ഒരു കടലും ആകാശവും നീന്തണമെന്ന്
സൂര്യൻ നുണ പറയുന്നു.

മാംസദാഹികളുടെ
അക്ഷരചവയ്ക്കലുകളിൽ
എമ്പക്കമിടുന്നവരുടെ മുമ്പിൽ
നീയൊരു
തുപ്പൽകോളാമ്പിയാകുന്നു.

# കുഞ്ഞുങ്ങളോട്



കെ. സന്തോഷ്


1.
ചൊറിയൻപട്ടി
അടുപ്പ് ചാമ്പലിൽ പെറ്റു കിടക്കുന്ന ദിവസങ്ങളിലൊന്നിൽ
അച്ഛൻ വെളുക്കനെ ചിരിച്ച്,
ബിരിയാണിപ്പൊതിയുമായ് കയറി വന്നാൽ
കുട്ടികളെ നിങ്ങൾ,
വിശപ്പില്ലെന്ന് പറഞ്ഞ് ഉറക്കം നടിച്ചോളൂ.

2.
ബക്കറ്റ് വെള്ളത്തിനരികിലോ,
വരണ്ട പുഴവക്കത്തോ നിൽക്കുമ്പോൾ
അലറി കുതിച്ചെത്തുന്ന അമ്മ
കടൽ കാണാൻ ക്ഷണിച്ചാൽ,
കുഞ്ഞുങ്ങളേ
നിങ്ങൾ കരുതിയിരിക്കുക.

3.
എപ്പോഴും പഠിക്ക്,പഠിക്കെന്ന്
ബഹളമുണ്ടാക്കണ മുതിർന്നവർ
ഫാനിലോ മറ്റോ കുരുക്കുണ്ടാക്കി
പുതിയൊരു കളിക്ക്
വട്ടം കൂട്ടിയാൽ
നാളെ ഉസ്കൂളിൽ കേട്ടെഴുത്താണെന്ന് പറഞ്ഞ്
പഠനമുറിയിൽ കയറി കതകടച്ചേക്കുക.

4.
ഉറങ്ങാൻ കിടക്കുമ്പോൾ,
വീട്ടിൽ പതിവില്ലാത്ത വിധം
ആരെങ്കിലും തീപ്പെട്ടി തിരയുന്നുണ്ടെങ്കിൽ,
പരിചിതമല്ലാത്തൊരു ഗന്ധം ചുറ്റിത്തിരിയുന്നുണ്ടെങ്കിൽ,
ഉറക്കത്തിന്റെ കട്ടിക്കരിമ്പടം വലിച്ചിടാതിരിക്കുക.

5.
തീവണ്ടിപ്പാളത്തിൽ കണ്ണടച്ച് നടക്കാനും
കെട്ടിടത്തിന് മുകളിൽനിന്ന് ചിറക് വിരിച്ച് പറക്കാനും
മുറ്റത്തെ കിണറ്റിൽ നിന്നും സൂര്യനെ ചൂണ്ടയിടാനും,
ആരെങ്കിലും ക്ഷണിച്ചാൽ...
എന്റെ പ്രിയപ്പെട്ട കുഞ്ഞുങ്ങളേ
ഒരു നിമിഷം പോലും പാഴാക്കാതെ
നിങ്ങൾക്ക് ഓടാൻ കഴിയുന്ന അത്രയും ദൂരം ഓടുക.
തിരിഞ്ഞു നോക്കാതെ ഓടുക.



# മിണ്ടാതിരിക്കുമ്പോൾ

കവിത

മിണ്ടാതിരിക്കുമ്പോൾ
ഇതെന്തൊരു ഭാരമാണ്
കൊതിക്കാറുണ്ട് പലപ്പോഴും
ആ ഒരാളോട്   മാത്രം മിണ്ടാൻ..
അപ്പൂപ്പൻ താടിപോലെ പറന്നു നടക്കാൻ
മിണ്ടിക്കഴിഞ്ഞ സുഖം തിരിച്ചു കിട്ടാൻ.
ഇപ്പോൾ
നമ്മൾ തമ്മിൽ മിണ്ടാതിരിക്കാൻ
അന്യോന്യം കഷ്ടപ്പെടുന്നവർ.
മിണ്ടലുകളുടെ അകലം വർധിപ്പിക്കാൻ
പരസ്പരം മത്സരിക്കുന്നവർ.
മിണ്ടിയില്ലെങ്കിൽ എന്റെയീ ലോകത്തിന്
എന്ത് മാറ്റമുണ്ടാകാനാണെന്ന് ചിന്തിക്കുന്നവർ.
ഭൂമി പതിവുപോലെ
സൂര്യനും ചന്ദ്രനും ഇരുളും പകലും
നിത്യവും മറക്കാതെ പങ്കുവെക്കുന്നു.
അവർക്കിടയിലെ അതിർവരമ്പുകളെ,
അകലങ്ങളെ സന്ധ്യയെന്ന വേലിക്കരികിൽ വച്ച്
ദിവസവും ഇല്ലാതാക്കുന്നവർ.
എന്നിട്ടും..  മനസിലാക്കാത്ത
മിണ്ടലുകളിലൂടെ,
അകലം വർദ്ധിപ്പിച്ചു കൊണ്ടേയിരിക്കുന്നു നമ്മൾ.
നീയും ഞാനുമെന്ന ഒറ്റ ലോകമാണുള്ളതെന്നും
അവിടെ അക്ഷരക്കുഞ്ഞുങ്ങളാണ് വാക്കുകളായ്
നമ്മെ ഒന്നിപ്പിക്കുന്നതെന്നും നാം മനസിലാക്കുന്നേയില്ല.
എങ്ങോട്ട് തിരിഞ്ഞാലും കവിത പോലുലയുന്ന
ചിന്തയാണ് നമ്മിലുണരുന്നതെന്നത്
മറിച്ച്...
മിണ്ടാതങ്ങനെ ദിനങ്ങളോളം....
ഒടുവിൽ മനസ് തകർന്ന്
വാശിയകന്ന്, നീയെന്നിലേക്കും,
ഞാൻ നിന്നിലുമെത്തുമ്പോൾ
നാമൊന്നാകുന്നു.

എന്റെ ഓർമ്മകളുടെ നിമിഷ സഞ്ചാരത്തെ,
എന്നും കടമെടുക്കുന്ന നീ,

ഒന്നിച്ചിരുന്ന കാലത്തെ വാക്കുകൾ സങ്കല്പിച്ച് ദിനങ്ങൾ
പുഷ്പിപ്പിക്കുന്ന നീ,

നിനക്ക് എന്നോട് സ്നേഹമില്ലെന്ന്
ഇനി നീ, നിന്നോട് പറയരുത്......
ഒരാളെ തകർക്കാൻ ഏറ്റവും നല്ലത് അയാളുടെ ഓർമ്മകൾ
കൊള്ളയടിക്കുന്നതാണ്......




സരസ്വതി ബിജു

# എഴുത്തു ഭാഷയുടെ കരുത്തും സൗന്ദര്യവും



ബിനു വെളിയനാടൻ



മനുഷ്യന്റെ ചിന്തകളെയും വികാരങ്ങളെയും ആശയങ്ങളെയും കൈമാറ്റം ചെയ്യാനുള്ള പ്രാഥമിക ഉപാധിയാണ് ഭാഷ. എന്നാൽ എഴുത്തു ഭാഷയെന്നത് അതിന് അനശ്വരത നൽകുന്ന കലയും ശാസ്ത്രവുമാണ്. കേവലമായ സംഭാഷണത്തിനപ്പുറം അറിവിനെ തലമുറകളിലേക്ക് സംക്രമിപ്പിക്കാനും സംസ്കാരത്തെ പരിപോഷിപ്പിക്കാനും സഹായിക്കുന്ന എഴുത്തു ഭാഷയുടെ കരുത്തും അതിലടങ്ങിയിട്ടുള്ള സൗന്ദര്യവും അനന്യമാണ്.

*എഴുത്തിന്റെ ചരിത്രം: നാവിൽ നിന്ന് താളിയോലയിലേക്ക്*

മനുഷ്യ ചരിത്രത്തിലെ ഏറ്റവും വിപ്ലവകരമായ കണ്ടുപിടുത്തങ്ങളിൽ ഒന്നാണ് എഴുത്ത്. ഏകദേശം 5000 വർഷങ്ങൾക്കുമുമ്പ് മെസൊപ്പൊട്ടേമിയയിലെ സുമേറിയൻ സംസ്കാരത്തിൽ രൂപംകൊണ്ട ക്യൂണിഫോം ലിപികളാണ് എഴുത്തിന്റെ ആദ്യ രൂപങ്ങളായി കണക്കാക്കപ്പെടുന്നത്. ചിത്രലിപികളിൽ (Pictographs) തുടങ്ങി, ചിഹ്നങ്ങളെ ആശയാധിഷ്ഠിതമാക്കി (Ideographs) വികസിപ്പിച്ച് ഒടുവിൽ ശബ്ദാധിഷ്ഠിത ലിപികളിലേക്ക് (Phonetic Scripts) പരിണമിച്ചാണ് ആധുനിക എഴുത്തു സമ്പ്രദായങ്ങൾ ഉടലെടുത്തത്.

ഭാരതീയ പശ്ചാത്തലത്തിൽ ബി.സി. 3-ാം നൂറ്റാണ്ടിലെ ബ്രാഹ്മി ലിപിയും തുടർന്നു വന്ന ഗ്രന്ഥലിപികളും മലയാളം ഉൾപ്പെടെയുള്ള ദ്രാവിഡ ഭാഷകളുടെ ലിപികൾക്ക് അടിസ്ഥാനമായി. എഴുത്തുഭാഷയുടെ ചരിത്രം മനുഷ്യന്റെ ആശയവിനിമയ ശേഷിക്ക് സംഭവിച്ച വിസ്മയകരമായ വളർച്ചയുടെ നേർക്കാഴ്ചയാണ്.

*ലിപിവിന്യാസം: സൗന്ദര്യത്തിന്റെ അടിത്തറ*

ഭാഷയുടെ എഴുത്തു രൂപത്തിന് അതിന്റെ തനിമയും സൗന്ദര്യവും നൽകുന്നത് ലിപിവിന്യാസമാണ്. ഓരോ ലിപിക്കും വ്യക്തമായ ഒരു ജ്യാമിതീയ രൂപമുണ്ട്. മലയാളത്തിലെ വട്ടത്തിലുള്ള അക്ഷരങ്ങൾ, അറബിയിലെ നീളമേറിയതും വളഞ്ഞതുമായ അക്ഷരങ്ങൾ, ലാറ്റിൻ അക്ഷരങ്ങളുടെ നേർരേഖയിലുള്ള ഘടന എന്നിവയെല്ലാം വ്യത്യസ്തമായ ദൃശ്യാനുഭവം നൽകുന്നവയാണ്.

സംസാര ഭാഷയിലെ ഏറ്റവും ചെറിയ ശബ്ദ യൂണിറ്റായ ഫോണീമിനെ (Phoneme) ദൃശ്യപരമായി പ്രതിനിധീകരിക്കുന്നത് ലിപികളാണ്. ഈ ലിപികൾ സംയോജിക്കുമ്പോൾ ഉണ്ടാകുന്ന വാക്കുകളും വാക്യങ്ങളുമാണ് ആശയത്തിന്റെ മോർഫീമുകൾ (Morphemes) ഉൾക്കൊള്ളുന്നത്. എഴുത്തുഭാഷയുടെ കൃത്യത ഉറപ്പാക്കുന്നത് ഈ ലിപിവിന്യാസത്തിന്റെ ശാസ്ത്രീയ അടിത്തറ

യാണ്.

അച്ചടി വിദ്യയുടെ വരവോടെ അക്ഷരങ്ങളെ സൗന്ദര്യപരമായി ക്രമീകരിക്കുന്ന ടൈപ്പോഗ്രാഫി, എഴുത്തു ഭാഷയുടെ ദൃശ്യപരമായ സൗന്ദര്യത്തെ വർദ്ധിപ്പിച്ചു.

*പ്രായോഗികതയും വളർച്ചയും: കരുത്തിന്റെ അടയാളം*

സംസാര ഭാഷയെ അപേക്ഷിച്ച് എഴുത്തു ഭാഷയ്ക്ക് തനതായ പ്രായോഗിക ഗുണങ്ങളുണ്ട്.

നിയമപരമായ കരാറുകൾ, ചരിത്ര രേഖകൾ, ശാസ്ത്രീയ കണ്ടെത്തലുകൾ എന്നിവയെല്ലാം എഴുത്തു ഭാഷയിലൂടെ നിലനിൽക്കുന്നു. എഴുതിവെച്ചവ തെളിവുകളായി കണക്കാക്കപ്പെടുന്നു.

പുസ്തകങ്ങൾ, പത്രങ്ങൾ, ഇന്റർനെറ്റ് എന്നിവയിലൂടെ എഴുത്തു ഭാഷയ്ക്ക് ദേശ-കാല അതിരുകൾക്കപ്പുറത്തേക്ക് എത്താൻ സാധിക്കുന്നു.

സംസാരത്തിൽ പെട്ടെന്നുള്ള പ്രതികരണമാണ് ഉണ്ടാകുന്നതെങ്കിൽ എഴുത്തിൽ ചിട്ടയും ആഴത്തിലുള്ളതുമായ യുക്തിസഹമായ ചിന്തകൾക്ക് രൂപം നൽകാൻ സാധിക്കുന്നു.

എഴുത്തു ഭാഷയുടെ വളർച്ചയുടെ വേഗത നിർണ്ണയിച്ചത് അച്ചടിയന്ത്രത്തിന്റെ കണ്ടുപിടിത്തമാണ്. ഇന്ന് കമ്പ്യൂട്ടറുകളും ഇന്റർനെറ്റും ഇലക്ട്രോണിക് ലിപിവിന്യാസത്തെ (Digital Scripting) പ്രോത്സാഹിപ്പിക്കുന്നു. ഇത് എഴുത്തിന്റെ പ്രായോഗികത



യെ പുതിയ തലങ്ങളിലേക്ക് എത്തിച്ചു.

*രചനാലോകത്തിന്റെ വ്യാപ്തി*

എഴുത്തുഭാഷയുടെ കരുത്ത് അളക്കുന്ന ചില കണക്കുകൾ ശ്രദ്ധേയമാണ്. ഏകദേശം 7100 ലോക ഭാഷകളിൽ 300-400 ഭാഷകൾക്കാണ് വികസിതമായ എഴുത്തു ലിപിയുള്ളത്. ഇപ്പോൾ പ്രതിവർഷം ഏകദേശം 2.2 ദശലക്ഷത്തിലധികം പുതിയ പുസ്തകങ്ങളുടെ പ്രസിദ്ധീകരണം നടക്കുന്നുണ്ട്.

ഏകദേശം 5 ബില്യൺ പേജുകൾ ഇന്റർനെറ്റ് ഉള്ളടക്കമുണ്ട്. ഈ കണക്കുകൾ ഏകദേശ സൂചനകൾ മാത്രമാണ്. കാരണം കൃത്യമായ എണ്ണം നിരന്തരം മാറിക്കൊണ്ടിരിക്കുമല്ലോ.

*പ്രമുഖഭാഷാ ശാസ്ത്രജ്ഞർ*

എഴുത്തു ഭാഷയുടെ വളർച്ചയ്ക്ക് സംഭാവന നൽകിയ പ്രമുഖ വ്യക്തികൾ നിരവധിയാണ്:

1. ഫെർഡിനാൻഡ് ഡി സൊസ്സൂർ (Ferdinand de Saussure) ആധുനിക ഭാഷാശാസ്ത്രത്തിന്റെ പിതാവ്. സംസാര ഭാഷയും (Parole) അതിന്റെ വ്യവസ്ഥാപിത രൂപമായ ഭാഷാ സമ്പ്രദായവും (Langue) തമ്മിലുള്ള വ്യത്യാസം വിശദീകരിച്ചു.

2. നോം ചോംസ്കി (Noam Chomsky): ഭാഷാപരമായ സാർവത്രികതയും (Universal Grammar) മനുഷ്യന്റെ ജന്മസിദ്ധമായ ഭാഷാപരമായ കഴിവും വിശദീകരിച്ചു.



3. ഗുട്ടൻബർഗ് (Johannes Gutenberg): ചലിക്കുന്ന അക്ഷരങ്ങൾ ഉപയോഗിച്ചുള്ള അച്ചടിയന്ത്രം കണ്ടുപിടിച്ച് എഴുത്തുഭാഷയുടെ വ്യാപനത്തിന് വഴി തുറന്നു.

4. തുഞ്ചത്ത് എഴുത്തച്ഛൻ: മലയാള ലിപിയെയും എഴുത്തുഭാഷയെയും ആധുനിക രൂപത്തിലേക്ക് പരിഷ്കരിച്ച വ്യക്തി.

എഴുത്തു ഭാഷ കേവലം അക്ഷരങ്ങളുടെ കൂട്ടിച്ചേർക്കലല്ല; അത് സംസ്കാരത്തിന്റെയും പൈതൃകത്തിന്റെയും സംരക്ഷകനാണ്. ഒരു ഭാഷയുടെ ആത്മാവ് അതിന്റെ സംസാര രൂപത്തിലാണെങ്കിൽ അതിന്റെ അനശ്വരമായ ശക്തി നിലകൊള്ളുന്നത് എഴുത്തു രൂപത്തിലാണ്. ഭൂതകാലത്തെ വർത്തമാനകാലവുമായി ബന്ധിപ്പിക്കുകയും ഭാവിയെ പ്രബുദ്ധമാക്കുകയും ചെയ്യുന്ന ഈ ഉപാധിയുടെ കരുത്തും സൗന്ദര്യവും ലോകം നിലനിൽക്കുന്നിടത്തോളം കാലം പ്രസക്തമായിരിക്കും.



ദർശന

# സമാഗമം

നല്ല തെളിമയുള്ള പ്രഭാതമായിരുന്നു. . ജനൽചില്ലുകളിൽ വെളിച്ചം ചിത്രങ്ങൾ വരച്ചു കൊണ്ടിരുന്നു . മിത്ര എനിക്കരികിലുണ്ടായിരുന്നു. അവളുടെ മുഖമാകെ മൂടിക്കെട്ടിയിരുന്നു. ഇന്നലെയും

ഇതേ ഭാവമായിരുന്നു. കലാപവാർത്ത ടിവിയിൽ കേട്ട് തുടങ്ങിയപ്പോൾ മുതൽ ഇങ്ങനെയാണ്. ഒന്നിലും മനസ്സുറയ്ക്കാതെ.

'അരവിന്ദ് ഇനിയും ഉണർന്നില്ലേ മോളെ'

മറുപടി വാതിൽക്കൽ നിന്നാണ് കേട്ടത്.

'പതിവുകളൊക്കെ തെറ്റിത്തുടങ്ങിയിരിക്കുന്നു' വെന്ന് അവൻ വിളിച്ചു പറഞ്ഞപ്പോൾ ഞാൻ മിത്രയെ നോക്കി . അവൾ ഫ്ലാസ്കിൽ നിന്നും ചായ പകരുന്നു. മുഖത്തിപ്പോഴും തെളിച്ചമില്ല.

എനിക്കരവിന്ദിനോട് വല്ലാത്ത ദേഷ്യം തോന്നി.

' ആരാണിപ്പോൾ പതിവുകളൊക്കെ തെറ്റിക്കുന്നതെന്ന് എല്ലാവർക്കും അറിയാം. എപ്പോഴും ജോലിത്തിരക്കും മീറ്റിങ്ങുകളും ഒഫീഷ്യൽ ട്രിപ്പുകളും . ഈ കുട്ടിയുടെ അടുത്തിരിക്കാൻ പോലും നിനക്ക് ഇത്തിരി സമയം കിട്ടാനില്ല അല്ലേ. '

അവൾ ചായക്കപ്പു കൈമാറിയ ശേഷം സ്പൂണെടുത്ത് ഇഡ്ഡലി അടർത്താൻ തുടങ്ങി. ഇപ്പോൾ എന്ത് പറഞ്ഞാലും നേരെയാകില്ലെന്നോർത്താകണം അരവിന്ദ് ചായക്കപ്പുമായി സ്ഥലംവിട്ടു. ഹാളിൽ അച്ഛന്റെ പത്രപാരായണം കഴിഞ്ഞിട്ടില്ല . ടിവിയും ഓൺ ചെയ്തു വെച്ചാണ് വായന. ടിവിയിലെ പെൺകുട്ടി വാർത്തകളുടെ വികാരങ്ങൾക്ക് അനുസൃതമായ ശബ്ദക്രമീകരണങ്ങളാൽ വാർത്തകൾ വായിച്ചു കൊണ്ടിരുന്നു. അതിലെ രാഷ്ട്രീയ അതിപ്രസരത്തിൽ മടുത്ത് പോകാൻ തുടങ്ങിയ നേരത്താണ് താഴെ സ്ക്രോൾ ചെയ്തു പോകുന്ന വാർത്ത അവൻ കണ്ടത് . മണിപ്പൂരിലെ കലാപം നൂറിലേറെ പേർ കൊല്ലപ്പെട്ടു . വെറുതെയല്ല മിത്ര മൂടിക്കെട്ടി നടക്കുന്നത്.

ആത്മഗതം അല്പം ഉറക്കെയായി.

'എന്താടാ പിറുപിറുക്കുന്നത്.'

പത്രവായനക്കിടയിൽ എന്തൊക്കെയാണ് ശ്രദ്ധ.

'ഒന്നുമില്ല കലാപത്തെക്കുറിച്ച് പറഞ്ഞതാണ് .മിത്ര കണ്ടു കാണുമല്ലേ. ?'

'ആ , നിനക്ക് അവരെയൊന്ന് വിളിക്കാമായിരുന്നില്ലേ . അവൾ വിളിച്ചിട്ട് കിട്ടുന്നില്ലാന്ന് സങ്കടം പറയുന്നുണ്ടായിരുന്നു.

ഞാനും ശ്രമിച്ചുനോക്കി കിട്ടിയില്ല.

കലാപം പടർന്നു പിടിച്ചിരിക്കുകയല്ലേ. അതാവും. '

അരവിന്ദ് ചായക്കപ്പ് മേശമേൽ വച്ച് ബെഡ്റൂമിലേക്ക് പോയി.

രണ്ടുപ്രാവശ്യത്തെ ഛർദ്ദി കഴിഞ്ഞ് അവശയായിരിക്കുന്നതിനാൽ മിത്രയെ ബുദ്ധിമുട്ടിക്കാതെ ഞാൻ തന്നെയാണ് അരവിന്ദിനെ പ്രാതൽ കഴിക്കാൻ വിളിച്ചത്.

'അവളെവിടെ?'

'അവളവിടെ വയ്യാതിരിക്കാ. നീ വേണേൽ വന്നു കഴിക്ക്.'

അവന്റെ കെറുവ് കഴിക്കുന്നതിൽ പ്രകടമായിരുന്നു.

പ്രാതൽ കഴിച്ചെന്ന് വരുത്തി എണീക്കാൻ തുടങ്ങുന്ന നേരത്താണ് ആ ഫോൺ കോൾ അവനെ തേടിയെത്തിയത്. മറ്റുള്ളവർ ശ്രദ്ധിക്കുന്നത് കണ്ടതുകൊണ്ട് വളരെ സൂക്ഷ്മതയോടെയാണ് അവൻ ആ കോൾ അറ്റൻഡ് ചെയ്തത്. വളരെ ഒഫീഷ്യലായ ഒരു സംസാരം.

'വിദേശത്തുനിന്നും കമ്പനിയുടെ പാർട്ടണേഴ്സ് എത്തുന്നു. അർജന്റ് ഒഫീഷ്യൽ ട്രിപ്പ് . ഡൽഹിക്ക് പോകണം. ''

അവൻ എങ്ങും തൊടാതെ പറഞ്ഞു. ഞാൻ അജയിനെ നോക്കി.

'ഇന്ന് അവധിയല്ലേ അരവിന്ദ്.ഇന്നു തന്നെ പോകണോ ? ''

'പ്രൈവറ്റ് ഫേംസ്നാണോ അവധി.

കമ്പനിയുടെ ടാർജറ്റ് ഇനിയും അച്ചീവ് ചെയ്യാനിരിക്കുന്നു. അതിനിടയിലാണ് ഈ പാർട്ടണേഴ്സിന്റെ വരവ്. എനിക്ക് പോകാതിരിക്കാൻ പറ്റില്ല. '

മിത്ര നിറഞ്ഞ കണ്ണുകളോടെ മുത്തശ്ശിയുടെ അടുത്തിരുന്നു. മുത്തശ്ശി അവളെ ചേർത്തു



പിടിച്ചു.

“എന്നാലും മോനെ, ഈ കുട്ടീടെ കൂടെ രണ്ടീസം നിന്നൂടെ നിനക്ക്‘.

യാതൊരു പ്രയോജനവും ഇല്ലാതിരുന്നിട്ടും മുത്തശ്ശി ചോദിച്ചുകൊണ്ടിരുന്നു.

അരവിന്ദൻ അത് ശ്രദ്ധിച്ചതേയില്ല. ആരെയൊക്കെയോ വിളിക്കുകയായിരുന്നു. പിന്നെ തിടുക്കത്തിൽ ഡ്രസ്സ് പാക്ക് ചെയ്തു അപ്പോഴേക്കും പുറത്ത് വണ്ടി വന്നു നിൽക്കുന്നുണ്ടായിരുന്നു.



‘നാളെ കുട്ടിയെ ഡോക്ടറെ കാണിക്കേണ്ട ദിവസമാണ് നീയതൊക്കെ മറന്നോ ?”

‘നാളെ അച്ഛനും അമ്മയും കൂടി കൊണ്ടുപോയാൽ മതി .

ഞാൻ വന്നിട്ട് പിന്നെ പോയി കണ്ടോളാം.‘

മിത്ര നിശബ്ദയായി അവൻ പോകുന്നതും നോക്കി നിന്നു.

ഞാനവളെ കഴിക്കാൻ വിളിച്ചിട്ടും വെറുതെ വന്നിരുന്നതല്ലാതെ ഒന്നും കഴിച്ചില്ല.

‘മോളെ എന്തെങ്കിലും ഒന്ന് കഴിക്കു. ഈ സമയത്ത് കഴിക്കാതിരിക്കുന്നത് നല്ലതിനല്ലാട്ടോ. ‘

ഒരു ഇഡ്ഡലി കൂടി അവളുടെ പാത്രത്തിലേക്ക് എടുത്തുവച്ച് സാമ്പാർ ഒഴിക്കാൻ തുടങ്ങിയപ്പോഴേക്കും അവൾ വായപൊത്തിക്കൊണ്ട് ബാത്ത്റൂമിലേക്ക് ഓടി .

‘ഈ കുട്ടി ഇന്നിത് എത്രാമത്തെ തവണയാണ് ഛർദ്ദിക്കുന്നത്. ?‘

‘നീയും ഇങ്ങനെയൊക്കെ തന്നെ ആയിരുന്നല്ലോ‘. അജയിന്റെ അമ്മ എന്നെ നോക്കി ചിരിച്ചു.

‘എത്ര പ്രാവശ്യം ഡ്രിപ്പ് കേറ്റി കിടന്നി

തിക്കുന്നു ഹോസ്പിറ്റലിൽ. ഇത് അരവിന്ദനെപ്പോലെ തന്നെ ഒരു കുറുമ്പനാകാനാണ് സാധ്യത'

തെളിമയാർന്ന മുഖത്തോടെ അവർ പറഞ്ഞു

ഞാൻ അല്പം പാലെടുത്ത് തിളപ്പിച്ച് അതിലേക്ക് ചോക്ലേറ്റ് പൗഡർ ചേർത്തു . മിത്രയ്ക്കത് ഇഷ്ടമാണ് .

മുഖം കഴുകിവന്ന മിത്രയെ നിർബന്ധപൂർവ്വം പാൽ കുടിപ്പിച്ചു. പിന്നെ വിശ്രമിക്കാൻ മുറിയിലേക്ക് പറഞ്ഞു വിട്ടു.

സരള വന്നിട്ടില്ല . അവളുടെ മകൾക്ക് സുഖമില്ല. സരള വരാത്തതുകൊണ്ട് രണ്ടുദിവസമായി ബാങ്കിൽ പോയിട്ട് . ലീവ് പറഞ്ഞു നിൽക്കുന്നു. അജയിന്റെ അമ്മയുണ്ടെങ്കിലും ഈ സാഹചര്യത്തിൽ മിത്രയെ തനിച്ചാക്കി പോകാൻ വയ്യ. ദീർഘനിശ്വാസത്തോടെ ഞാൻ പണികളിൽ മുഴുകി .

കലാപത്തെക്കുറിച്ചുള്ള വാർത്തകൾ ടിവിയിൽ വന്ന് തുടങ്ങിയപ്പോൾ മുതലാണ് മിത്രയുടെ ഈ ഭാവമാറ്റം. അതുവരെ അരവിന്ദന്റെ യാത്രകൾ അവളെ അലട്ടിയിരുന്നേയില്ല . എപ്പോഴും ചിരിയും കളിയുമായിരുന്നു.

അല്ലെങ്കിലും സ്വന്തം നാട്ടിൽ ഒരു കലാപം നടക്കുമ്പോൾ പ്രത്യേകിച്ചും അമ്മയും സഹോദരനുമൊക്കെ അവിടെയാകുമ്പോൾ അവളെങ്ങനെ ആകുലപ്പെടാതിരിക്കും.

മിത്ര അരവിന്ദന്റെ ഭാര്യയായി ഈ വീട്ടിലേക്കെത്തിയിട്ട് ആറുമാസം കഴിഞ്ഞിരിക്കുന്നു.

അരവിന്ദന്റെ സുഹൃത്ത് സിദ്ധാർത്ഥിന്റെ സഹോദരിയാണവൾ. സിദ്ധാർത്ഥ് അരവിന്ദിനൊപ്പം ജെ എൻ യു വിലാണ് പഠിച്ചിരുന്നത്. . അവിടെ പഠിക്കണമെന്നത് അരവിന്ദിന്റെ സ്വപ്നമായിരുന്നു. പഠിക്കാൻ മിടുക്കനായിരുന്നു അവൻ. ഒന്നുരണ്ട് വെക്കേഷൻ കാലത്ത് അരവിന്ദിനൊപ്പം സിദ്ധാർത്ഥും നാട്ടിലേക്ക് വന്നിരുന്നു. നല്ല മിടുക്കനായ ചെറുപ്പക്കാരൻ.

മിത്രയെകുറിച്ച് പറയുമ്പോൾ അരവിന്ദിന് നൂറ് നാവായിരുന്നു.

ഒരു പരിചയവും ഇല്ലാത്ത ഒരു പെൺകുട്ടിയെകുറിച്ച് ഒരിക്കൽ പതിവിലധികം അവൻ വാചാലനായപ്പോൾ ഞാനവനെ കളിയാക്കി. 'എന്താ അരവിന്ദ് നിനക്കവളോട് പ്രണയം തോന്നുന്നുണ്ടോ?'

ഞാൻ ചോദിച്ചപ്പോൾ സിദ്ധാർത്ഥിന്റെ സഹോദരിയല്ലേ എന്നാണ് അവൻ പറഞ്ഞത്. അത്രയേറെ സിദ്ധാർത്ഥുമായുള്ള സൗഹൃദത്തെ അവൻ വിലമതിച്ചിരുന്നു.

സിദ്ധാർത്ഥിന്റെ വീട്ടുകാർ പാരമ്പര്യമായി കർഷകരായിരുന്നു. മണിക് സർക്കാരിന്റെ ഭരണം അവസാനിച്ചതോടെ മണിപ്പൂരിന്റെ ഭാവി നിലച്ചു എന്ന് സിദ്ധാർത്ഥ് ഇടയ്ക്കിടെ പറയും. ഇപ്പോഴിതാ പുതിയ ഉത്തരവുകളും കോടതി വിധികളും അവരുടെ സമുദായത്തിന് എതിരായിത്തീർന്നതോടെ വർഗീയ സംഘർഷത്തിൽ ഉലയുകയാണ് ആ നാട് . ജെഎൻയുവിലെ പഠനം കഴിഞ്ഞ് പോയതിനുശേഷം അവനെ കണ്ടിട്ടേയില്ല എങ്കിലും അരവിന്ദ് പറഞ്ഞു വിവരങ്ങൾ അറിഞ്ഞിരുന്നു. അതിനിടയിലായിരുന്നു സിദ്ധാർത്ഥിന്റെ അച്ഛന്റെ മരണം . സിദ്ധാർത്ഥിനെ കാണാൻ പോയ അരവിന്ദ് പക്ഷേ തിരിച്ചു വന്നത് മിത്രയേയും കൂട്ടിയായിരുന്നു.

എനിക്കിപ്പോഴും ഓർമ്മയുണ്ട്. മരണവിവരം അറിഞ്ഞ് അവൻ പോകാനൊരുങ്ങിയപ്പോൾ ഞങ്ങളെല്ലാവരും തടഞ്ഞതാണ്. വർഗീയ ലഹളകൾ നടക്കുന്ന സ്ഥലമാണ് വെറുതെ പ്രശ്നങ്ങളിൽ ചെന്ന് ചാടണ്ട , പക്ഷേ അവൻ കേട്ടില്ല നിർബന്ധപൂർവ്വം പോയി.

മൂന്നോ നാലോ ദിവസങ്ങൾക്ക് ശേഷം ഓഫീസിലേക്ക് പോകാൻ തിടുക്കത്തിൽ ഒരുങ്ങുകയായിരുന്നു ഞാൻ. അന്നേരത്താണ് പുറത്ത് വണ്ടിയുടെ ഒച്ച കേട്ടത്. രാധികേ ഒന്നിങ്ങോട്ട് വരൂവെന്ന് അജയ് വിളിച്ചു. തിടുക്കത്തിൽ ചെല്ലുമ്പോൾ അരവിന്ദ്. ഒപ്പം മിത്രയും.നേരിട്ട് കണ്ടിട്ടില്ലെങ്കിലും ഫോട്ടോകളിൽ അവൾ പരിചിതയായിരുന്നു.

'അമ്മ എന്താണ് നോക്കി നിൽക്കുന്നത്. ഞങ്ങളെ അകത്തേക്ക് വിളിക്കുന്നില്ലേ?'

അരവിന്ദ് ചിരിയോടെ ചോദിച്ചു.

കളിയായി അവൻ പലതും പറയാറുണ്ടെങ്കിലും ഇത്ര പെട്ടെന്ന് അത് സംഭവിക്കുമെന്ന് ഞാനും കരുതിയിരുന്നില്ല.

'ഇതങ്ങോട്ട് കൊടുക്കു മോളെ . '

ഞാൻ നോക്കുമ്പോൾ അജയിന്റെ അമ്മ കത്തിച്ചുവച്ച നിലവിളക്കുമായി നിൽക്കുന്നു. ഒന്നും മിണ്ടാതെ വിളക്ക് കൊടുത്തു അവളെ കൈപിടിച്ച് അകത്തേക്ക് കയറ്റി. അവൾ വല്ലാതെ പരിഭ്രമിച്ചിരുന്നു. അതിലേറെ കരഞ്ഞു കലങ്ങിയ അവളുടെ കണ്ണുകൾ എന്നെ വല്ലാതെ വേദനിപ്പിച്ചു.

ഞാൻ ചായ എടുക്കാനായി അടുക്കളയിലേക്ക്

പോന്നു.

അരവിന്ദ് പിറകിലൂടെ വന്ന് എന്നെ ചുറ്റിപ്പിടിച്ചു. എന്നിട്ട് പറഞ്ഞു

'എന്റെ പൊന്നമ്മേ . ഒട്ടും പ്രതീക്ഷിച്ചില്ല . ആ കുട്ടിയെ ഉപേക്ഷിച്ചു പോരാൻ തോന്നിയില്ല. അതുകൊണ്ട് കൂടെ കൂട്ടിയതാണ്.

പിന്നെ സിദ്ധാർത്ഥിന് ഞാനല്ലാതെ മറ്റാരാണുള്ളത്. അവന് മിത്രയെ വിശ്വസിച്ചേൽപ്പി

ക്കാൻ ഞാൻ മാത്രമേ ഉണ്ടായിരുന്നുള്ളൂ.'

'അതിന് ഞാനൊന്നും പറഞ്ഞില്ലല്ലോ.

ആ കുട്ടിക്ക് ചായയാണോ കാപ്പിയാണോ ഇഷ്ടം.'

'അമ്മ എന്തെങ്കിലും കൊടുക്ക്. അവൾ അഡ്ജസ്റ്റ് ചെയ്തോളും. '

അങ്ങനെ ഒരു നിർബന്ധവും ഇല്ലാതെ ജന്മനാട് വിട്ട് പോന്നവൾ.

എനിക്കവൾ പിറക്കാതെ പോയ മകളായിരുന്നു . എന്തുകൊണ്ടാണ് സിദ്ധാർത്ഥിന് പഠിത്തം കഴിഞ്ഞ് വലിയൊരു ഓഫർ കിട്ടിയിട്ടും ജോലിക്ക് പോകാതിരുന്നത് എന്ന് അവളോട് ചോദിച്ചപ്പോൾ അവൾ പറഞ്ഞത് അച്ഛൻ നാട്ടിൽ തനിച്ചാകുമല്ലോ എന്നാലോചിച്ചിട്ടാണ് എന്നാണ്. പിന്നെയാണ് അവളുടെ അച്ഛന്റെ മരണം ഒരു കൊലപാതകമായിരുന്നു എന്ന് മനസ്സിലായത്. വളരെ കഷ്ടപ്പെട്ടാണ് ആരും അറിയാതെ അവൻ മിത്രയെ അരവിന്ദനൊപ്പം അതിർത്തി കടത്തി വിട്ടതത്രെ.

ഇന്നിപ്പോൾ ആറുമാസം കഴിഞ്ഞിരിക്കുന്നു. അവൾ ഈ വീട്ടിലെത്തിയിട്ട്.

കോളിംഗ്ബെൽ ശബ്ദിച്ചപ്പോൾ ഞാൻ ചിന്തയിൽ നിന്നുണർന്നു.

അശ്വിനാണ്. കമ്പനിയിൽ നിന്നും ഇടയ്ക്ക് അരവിന്ദനെ അന്വേഷിച്ച് വരാറുണ്ട്.

'അരവിന്ദ് സാർ ഇല്ലേ. ചന്ദ്രമോഹൻ സർ ചെല്ലാൻ പറഞ്ഞിരുന്നു.'

'അരവിന്ദങ്ങോട്ടല്ലേ വന്നത്. ?'

'അവിടെ എത്തിയില്ലല്ലോ 10 മണിക്ക് എത്താം എന്ന് പറഞ്ഞിരുന്നതാണ്. കാണാഞ്ഞപ്പോൾ എന്നോട് കൂട്ടിക്കൊണ്ടു വരാൻ പറഞ്ഞു വിട്ടതാണ്.'

'അവൻ ഡൽഹിക്ക് പോകണം എന്നാണല്ലോ പറഞ്ഞത്.

അതെ. അവിടെ കമ്പനിയുടെ എന്തോ മീറ്റിംഗ് ഉണ്ടെന്നു പറഞ്ഞു.'

'ഇല്ലല്ലോ ഇന്ന് പുതിയ സൈറ്റ് കാണുന്നതിന് ചന്ദ്രമോഹൻ സാറിന്റെയൊപ്പം പോകാം എന്ന് പറഞ്ഞിരുന്നു. അതിന് വിളിക്കാനാണ് ഞാൻ വന്നത്.'

ഞാനാകെ അമ്പരന്നു പോയി. എന്തിനാണ് ഡൽഹിക്ക് എന്നു പറഞ്ഞുപോയത് . ഇനിയവൻ സിദ്ധാർത്ഥിനെ കാണാൻ പോയിരിക്കുമോ. എന്തൊക്കെയാണ് ഇതിന്റെ അർത്ഥം. ഞാനാകെ അസ്വസ്ഥയായി. അജയ് അന്നേരത്ത് ഷോപ്പിലായിരുന്നു.

ഞാൻ പറഞ്ഞ വിവരങ്ങൾ കേട്ട് അജയ് ആകെ അങ്കലാപ്പിലായി. 'രാധി നീ എന്തായാലും ഇതൊന്നും മിത്രയോടും അമ്മയോടും പറയണ്ട. ഞാനൊന്ന് അന്വേഷിക്കട്ടെ.'

'വിശക്കുന്നു അമ്മേ'.

മിത്രയാണ് .

'ആഹാ ഇത്രയും നേരം വേണോ വേണോ എന്തെങ്കിലും കഴിക്കു എന്ന് പറഞ്ഞു പിന്നാലെ നടക്കായിരുന്നു ഞാൻ. ഒന്നും വേണ്ട ന്ന് പറഞ്ഞിട്ട് ഇപ്പോൾ ദാ കഴിക്കാൻ വന്നു നിൽക്കുന്നു.'

അച്ഛനിപ്പോൾ വരുമോ?'

അവൾ മലയാളം പറയുന്നത് കേൾക്കാൻ നല്ല രസമാണ്. ഞാനും അവളും തമ്മിൽ അടുപ്പമായതിന് കാരണം എന്റെ ഭാഷ അവൾക്കും അവളുടെ ഭാഷ എനിക്കും അറിയാത്തത്കൊണ്ടാണെന്ന് അരവിന്ദ് ഇടയ്ക്കിടെ കളിയാക്കാറുണ്ട്. പക്ഷേ അജയിന്റെ അമ്മയ്ക്ക് മലയാളമല്ലാതെ മറ്റൊരു ഭാഷയും അറിഞ്ഞുകൂടാതിരുന്നിട്ടും എന്നെക്കാൾ കൂടുതൽ അടുപ്പം അവൾക്ക് അവരോടാണ്.

'മുത്തശ്ശിയെ വിളിച്ചോളൂ നിനക്ക് വിശക്കുന്നെങ്കിൽ നമുക്ക് ഒന്നിച്ച് കഴിക്കാം

അച്ഛൻ ഇപ്പോൾ വരില്ല.'

അവളോട് സ്വാഭാവികമായി പെരുമാറിയെങ്കിലും എന്റെ നെഞ്ചിൽ തീയായിരുന്നു.

അങ്ങനെ ഒരാഴ്ച എങ്ങനെ തള്ളിനീക്കിയെന്ന് എനിക്ക് മാത്രമേ അറിയൂ. മിത്ര കുറേക്കൂടി മൗനിയായി.

എട്ടാം നാൾ അരവിന്ദ് വിളിച്ചു. വൈകിട്ടത്തെ ഫ്ലൈറ്റിന് എത്തുമെന്ന് പറയാൻ. ഫ്ലൈറ്റ് സമയം പറഞ്ഞാൽ എയർപോർട്ടിലേക്ക് വണ്ടിയുമായി എത്താമെന്ന് പറഞ്ഞിട്ട് വേണ്ടെന്ന് അവൻ . വന്നോളാമത്രേ. ചില നേരത്ത് വല്ലാത്ത പിടിവാശിക്കാരനാണവൻ.

രാത്രി ഏകദേശം ഒൻപത് മണിയായിക്കാണും അവൻ വീട്ടിലെത്തുമ്പോൾ. അവനൊപ്പം വണ്ടിയിൽ നിന്നും ഇറങ്ങിയ ആളെക്കണ്ട് എല്ലാവരും അമ്പരന്നു. മിത്രയുടെ അമ്മ . മിത്ര ഓടിയിറങ്ങി വന്നു. അമ്മയെ കെട്ടിപ്പിടിച്ച് പൊട്ടിക്കരഞ്ഞു.

അവർ തീർത്തും നിസ്സഹായയായി കാണപ്പെട്ടു. ഞാൻ സിദ്ധാർത്ഥിനെ തിരയുകയായിരുന്നു. പക്ഷേ അരവിന്ദന്റെ കണ്ണുകൾ അവനെ ഒളിച്ചുവെച്ചു. എന്നിൽ നിന്നും മിത്രയിൽ നിന്നും ഞങ്ങളെല്ലാവരിൽ നിന്നും. എങ്കിലും അവന്റെ അമ്മയ്ക്ക് അവനെ ഒളിപ്പിക്കാനാവില്ലല്ലോ. അവർ മിത്രയെ ചേർത്തുപിടിച്ച് കരഞ്ഞുകൊണ്ടേയിരുന്നു.





പ്രൊഫ. വി. പി. ജോൺസ്

# പ്രതിനന്ദികൾക്ക് വഴി തെറ്റുന്നത്

**ഗോ**തുരുത്തിലേയ്ക്കു പുറപ്പെടാൻ തയ്യാറായി നിൽക്കുമ്പോൾ ഗബ്രിയേൽ മിഖായേൽ അവർകളുടെ വാക്കുകൾ കാലം ശ്രദ്ധാപൂർവ്വം കേട്ടുനിന്നു:-

“എന്തിനാണ് നിങ്ങൾ എല്ലാപേരും ചേർന്ന് ഇത്രമേൽ ധൃതിപിടിച്ചു എന്നെ അങ്ങോട്ട് തള്ളി വിടുന്നത്? ഞാൻ അറിഞ്ഞുകൊണ്ട് ഇതുവരെ ഒരു ഉപദ്രവവും നിങ്ങൾക്കാർക്കും ചെയ്തിട്ടില്ലല്ലോ? പിന്നെ.....?

ഗബ്രിയേൽ മിഖായലിന്റെ തൊണ്ടയിടറി... ചെർച്ചിയേടത്തി അത് കാണാനും കേൾക്കാനും ഒട്ടുമെ സഹിക്കുവാനാകാതെ ഉടനടി കിഴക്കേ മുറിയിലേക്കു നടന്നുപോയി. അത്രമാത്രം സങ്കടകരമാണ് ഗബ്രിയേൽ മിഖായേലിന്റെ ഇപ്പോഴത്തെ ഒരവസ്ഥ. പാവം മനുഷ്യൻ ! ഒറ്റപ്പെട്ടുപോയ ഏകാന്തതയുടെ ഒരു തുരുത്ത്. അമ്മ നന്നേ ചെറുപ്പത്തിലേ നഷ്ടപ്പെട്ടുപോയ കുട്ടികൾ. അവരെ പോറ്റാനുള്ള കഠിനശ്രമത്തിൽ താൻ തീർത്തും നിസ്സഹായനായിപ്പോകുന്നത് ഗബ്രിയേൽ മിഖായേൽ തിരിച്ചറിഞ്ഞുകഴിഞ്ഞിട്ടു ഇത്തിരികാലമായി.

“എന്തുചെയ്താലും ശരി, കുട്ടികളെ തറവാട്ടിൽ നിർത്തി പഠിപ്പിയ്ക്കാൻ കഴിഞ്ഞാൽ അത് മഹാഭാഗ്യം. അപ്പോൾ മറുനാട്ടിൽ പോയിട്ടായാലും ശരി, എന്തെങ്കിലുമൊരു തൊഴിൽ സംഘടിപ്പിക്കാം. ഉപജീവനത്തിന് തൽക്കാലം മറ്റു മാർഗ്ഗങ്ങളൊന്നുമില്ല. അമ്മവീട്ടുകാരെ ആശ്രയിച്ച്, കുട്ടികളെ വഴിയാധാരമാക്കാനും വയ്യ! ഗബ്രിയേൽ മിഖായേൽ സ്വയം, ഗതകാലത്തിലേയ്ക്കൊരു പാലം പണിതു. നേരെ താഴെയുള്ള അനിയനെ ആൻഡമാൻ ഐലന്റിലേക്ക് ഉയർന്ന ലാവണത്തിൽ ഉദ്യോഗസ്ഥനാക്കിമാറ്റുന്നത് കൊങ്കുനാട്ടിൽ വെച്ചാണ്. അന്ന് അവിടെ തരക്കേടില്ലാത്ത നിലയിൽ ബിസിനസ്സ് ഉണ്ടായിരുന്നതുകൊണ്ട് ഗബ്രിയേൽ മിഖായേലിന് സമൂഹത്തിൽ നിലയും വിലയുമുണ്ടായിരുന്നു. തന്മൂലം മാത്രമാണ് നേരനിയൻ അവിടത്തെ റേഷനിങ്ങ് ഇൻസ്പെക്ടറായി മാറുന്നത്. അതിന് ഗബ്രിയേൽ മിഖായേലിന് എളുപ്പം സാധിച്ചു എന്നല്ലേ കരുതേണ്ടത്? അവിടത്തെ **ജില്ലാ റേഷനിങ്ങ് ഓഫീസർ** ശ്രീ. അരുമനായകം ഗബ്രിയേൽ മിഖായേലിന്റെ അടുത്ത മിത്രമായിരുന്നു. അതിനാലാവണം ഗബ്രിയേൽ മിഖായേലിന് കാര്യമായി ബുദ്ധിമുട്ടേണ്ടി വരികയും ഉണ്ടായില്ല. ജില്ലാ ഓഫീസർ വല്ല്യേട്ടന്റെ അടുത്ത ചങ്ങാതിയായിരുന്ന

കാര്യം അനിയൻതന്നെയാണ് ഗബ്രിയേൽ മിഖായേലിനെ അന്ന് ഓർമ്മിപ്പിച്ചത്. ശ്രീ.അരുമനായകം എഡ്വിൻ മിഖായേലിനോട് ചോദിച്ചുവത്രെ – "മിസ്റ്റർ ഗബ്രിയേൽ മിഖായേലിന്റെ നേരനിയനാണ് എഡ്വിൻ മിഖായേൽ അല്ലേ"?

– ആങ്ങ് ?

Any how, your are selected as Rationing Inspector, Sector 78, O.K. you can join tomorrow at 10 AM. എഡ്വിന് ഉണ്ടായ ആനന്ദത്തിന് അതിരുണ്ടായിരുന്നില്ല.

അനിയൻ സന്തോഷചിത്തനായി കടന്നുവരുന്നതു കണ്ടിട്ട് ഗബ്രിയേൽ മിഖായേലിന്റെ കണ്ണു നിറഞ്ഞു.

മിഖായേൽ അകത്തേക്കു നോക്കി നീട്ടി വിളിച്ചുപറയുന്നു:–

"–ദാ, നമ്മുടെ എഡ്വിൻ റേഷനിങ്ങ് ഇൻസ്പെക്ടറായി നാളെ ചാർജ്ജെടുക്കുന്നു. വേഗം കുറച്ചു മധുരം ഉണ്ടാക്കൂ".

ചേടത്തി അമ്മയെ എഡ്വിന് വലിയ സ്നേഹവും, ബഹുമാനവുമൊക്കെ ആയിരുന്നല്ലോ? സ്വന്തം അനിയനേക്കാൾ ഉപരി അവരും അയാളെ വല്ലാതെ ഇഷ്ടപ്പെട്ടു. പക്ഷേ, കാലം കടന്നുപോകുമ്പോൾ, അവസ്ഥകൾക്ക് രൂപാന്തരം കൈവരുന്നു.

ഗബ്രിയേൽ മിഖായേൽ, അതിധൂർത്തുവഴി, എന്തെല്ലാം സ്വമേധയാ ഉണ്ടാക്കിയിരുന്നുവോ, അതപ്പാടെ മുടിച്ചുകളഞ്ഞു.

ഒരുകാലം നടാൻ, ഒരുകാലം വിളവു കൊയ്യാൻ, വേറൊരുകാലം ഉണ്ടാക്കിയതു മുഴുവൻ കൈവിട്ടു കളയാൻ. സ്വത്തില്ല; പണമില്ല; തികച്ചും ഒരു നിസ്വൻ!

അതാണ് ഗബ്രിയേൽ മിഖായേലിന് കാലം നീട്ടിവെച്ചു കൊടുത്തത്.

ഗബ്രിയേൽ മിഖായേൽ ചിന്തയിൽ കിടന്നുരുണ്ടു, തവിടുപൊടിയായി.

പൊടുന്നനെ മൃദുലമായ കാൽവയ്പോടെ, പടികടന്നു നിശ കടന്നുവരുന്നു. കുട്ടികൾ അഞ്ചുപേർക്കും തീരെ വയ്യ എന്ന ദുരവസ്ഥ! ഗബ്രിയേൽ മിഖായേലിനെ വേട്ടയാടുന്നതിൽ വിധി അസാരംപോലും ലുബ്ധ് കാണിക്കുന്നില്ല. അത്തരം ഘട്ടങ്ങളിൽ തറവാട്ടുവീട്ടിൽ അഭയം തേടുകയാണ് പഴയ ആചാരക്കാരായ ആളുകൾ ചെയ്യുക. തന്നിമിത്തം ഗബ്രിയേൽ മിഖായേലും മറ്റൊന്നല്ല ചെയ്തതും!

തറവാട്ടിൽ, വിവാഹിതരായ മുതിർന്നവരിൽ, മൂന്നാമത്തെ ആളായ യാക്കോബ് മിഖായേൽ എന്നവരും, പ്രസ്തുതന്റെ സഹധർമ്മിണി ഏലീശ്യാ അമ്മയും തറവാട്ടിൽ അധിവസിച്ചിരുന്നു. ബാക്കി ഇരുവരും അത്യാവശ്യം പ്രായമായിരുന്നെങ്കിലുംകൂടി, പ്രൊഫഷണൽ വിദ്യാഭ്യാസം പൂർത്തിയാക്കുന്നതിൽ ഉത്സാഹികളുമായിരുന്നു. ഇപ്പോഴാകട്ടെ, ഫ്ളാറ്റു സമുച്ചയങ്ങളിലാണ് ടിയാർക്കു കമ്പമെന്നാണ് കേട്ടുകേൾവി!

നന്നേ ചെറുപ്പത്തിലേ വിവാഹിതയായതും, ഒരു കുഞ്ഞുണ്ടായതിനുശേഷം ഭർത്താവ് കഥാവശേഷനാവുകയും. പിന്നീട് ആ പിഞ്ചുകുഞ്ഞും സ്വപിതാവിനെ പിഞ്ചെല്ലുകയും ചെയ്തപ്പോൾ, സ്വന്തം തറവാട്ടിലേക്കു മടങ്ങിവന്ന അച്ഛൻപെങ്ങൾ തറവാട്ടിലെ മഹാരാജ്ഞിയായി വിലസുകയും ചെയ്തുവന്നത്. അവരും അവരുടെ അമ്മയും തമ്മിൽ പത്തുപതിനഞ്ചു വയസ്സിന്റെ വ്യത്യാസമേ ഉണ്ടായിരുന്നുള്ളൂവത്രേ! ചുറ്റുപാടു പോലും അവർ അറിയപ്പെട്ടിരുന്നത് കുഞ്ഞേച്ചി എന്ന അപരനാമത്തിലാണ്. രാവിലെ കാപ്പികുടി കഴിഞ്ഞാൽ പിന്നെ, അവർ നെടുനേരെ പറമ്പിലോട്ടിറങ്ങും. കപ്പയും, പയറും, ചേമ്പും, ചേനയും, ചെറുചേമ്പും, കാപ്പിയുമൊക്കെ തന്നത്താൻ കൃഷി ചെയ്യും. മറുഭാഗത്താകെ തൊടിയിലെമ്പാടും, കശുമാവുകൾ നിറഞ്ഞുനിന്നിരുന്നു. അവർ ദിവസവും കശുവണ്ടിയങ്ങനെ പെറുക്കിക്കൂട്ടും. അതൊക്കെ വല്ല്യമ്മായിയുടെ ദിനചര്യ.


കുടുംബം പുലർത്തുന്നതിന്, ആൻഡമാൻ ഐലന്റിൽ ഉയർന്ന ഉദ്യോഗത്തിലിരുന്ന വലിയ ചിറ്റപ്പൻ കിറുകൃത്യമായി തരക്കേടില്ലാത്ത സംഖ്യ അയച്ചുകൊണ്ടിരിക്കും. അന്നത്തെ പോസ്റ്റ് മാൻ രാമൻനായർ പ്രതിമാസം നൂറുറുപ്പിക (ഇന്നതിന് പതിനായിരം ഉറുപ്പികയേക്കാൾ വിലയുണ്ടാവും).

–നീ എന്തിനാണ് എഡ്വിന്റെ മണി ഓർഡർ വരുന്നവിശേഷം ചികഞ്ഞന്വേഷിക്കുന്നത്? അമ്മൂമ്മ കോപാകുലയായി, മറയൊന്നും കൂടാതെ ചോദിക്കുന്നതുകേട്ടപ്പോൾ മിഖായേൽ ഗബ്രിയേലിനു രോഷം ഒട്ടും അടക്കാനായില്ല. അദ്ദേഹത്തിന്റെ തലക്കല്ലിളകാൻ വേറൊന്നും വേണ്ടായിരുന്നല്ലോ?

"തള്ള അടങ്ങി ഒതുങ്ങി ഇരിക്കുന്നുണ്ടോ അവിടെ? അവന് ഈ ഉന്നതോദ്യോഗം മേടിച്ചുകൊടുത്തത് ഈ ഞാനാണ് അറിയാമോ?

മൂക്കത്താണ് മിഖായേലിന് ശുണ്ഠി. ഫലമോ? കുട്ടികൾ സങ്കടപ്പെട്ടു മടങ്ങി.

# ഭഗ്നഹൃദയ



ഡോ. കിരൺ വിൻസെന്റ്



മനസ്സ് വല്ലാതെ കലങ്ങി മറിഞ്ഞാണ് ഓഫീസിൽ നിന്നും ഇറങ്ങിയത്. പഞ്ച് ഔട്ട് ചെയ്തു ഇറങ്ങുമ്പോൾ കഴുത്തിലെ ഓഫീസ് ടാഗ് വീട്ടിലെ വളർത്തു നായയുടെ കഴുത്തിലെ തൊടലിനേക്കാൾ കഠിനമായി വലിഞ്ഞു മുറുകി. ആ മുറുക്കത്തിന്റെ കലയെന്നോണം കണ്ണുനീരിൽ തീർത്ത ചാല് കവിളിൽ അടയാളമായി തെളിഞ്ഞ് നിലകൊണ്ടു. കഴുത്തിൽ അതൊരു ഭാരമായി തൂങ്ങി കിടന്നു. എന്നന്നേക്കുമായി വലിച്ചെറിയാൻ ആഗ്രഹിച്ചു. അമർഷവും സങ്കടവും മനസ്സിൽ അടക്കി, ഊരി ബാഗിൽ ഇട്ട് നിറകണ്ണുകളോടെ ലക്ഷ്യമില്ലാതെ നടന്നു.

സൂര്യാസ്തമയത്തിന്റെ ഇളം വെയിലുപോലും ചുട്ടു പൊളിച്ചു. വഴിയോരങ്ങളിൽ നിറുത്തിയിട്ട ഓട്ടോറിക്ഷകൾ സവാരിക്കായി മുറവിളി കൂടിയപ്പോൾ അവരെയെല്ലാം തുറിച്ചു നോക്കി അടങ്ങാത്ത അരിശത്തോടെ നടന്നു നീങ്ങി. അപ്പോഴും കണ്ണുകൾ നിറഞ്ഞൊഴുകികൊണ്ടേ ഇരുന്നു.

കുറച്ചധികം നേരത്തെ ദീർഘമായ നടത്തത്തിനു ശേഷം മുന്നിൽ കണ്ട കടയിൽ ചായ കുടിക്കുവാനായി കയറി. വാഷ് റൂമിലെ വലിയ കണ്ണാടിയിൽ മുഖം അമർഷത്താലും സങ്കടത്തിനാലും വികൃതമായി കാണപ്പെട്ടു. പൈപ്പ് തുറന്നു വെള്ളം ശക്തിയായി മുഖത്തേക്ക് ഒഴിക്കുമ്പോൾ നയനങ്ങളോ വെള്ളമോ അറിയാതെ ഉള്ളിലെ രോക്ഷം കരഞ്ഞു തീർത്തു.

ചായ കുടിക്കാനായി ഇരുന്നപ്പോഴും മനസു നിറയെ ജോലി ഭാരം ഏല്പിച്ച ഹൃദയ മുറിവുകൾ ആയിരുന്നു. അവ അഗാദമായി ഹൃദയത്തിൽ ആഴ്ന്നിറങ്ങി തറച്ചു നിന്നു. ആ കൂരമ്പിനെ പറിച്ചെറിഞ്ഞ് സ്വാതന്ത്ര്യത്തിൽ ലയിക്കാൻ മനസ്സ് കൊതിച്ചു. ആരും കാണാത്തൊരിടതെക്ക് ഓടി ഒളിക്കാനും മനസ്സ് ആഗ്രഹിച്ചു

മനസും ശരീരവും തണുക്കാൻ സമയം എടുത്തു, അപ്പോഴാണ് എണ്പതുകൾക്കു മുകളിൽ പ്രായം തോന്നിപ്പിക്കുന്ന ദാദാജിയെ കണ്ടത്. അയാൾ കടയുടെ ഉള്ളിലെ ഒരു മൂലയിൽ ഇരുന്നു മൃദു മർമരം തുളുമ്പുന്ന വയലിൻ സംഗീതം വായിക്കുകയായിരുന്നു. ചിലർ ആസ്വദിച്ചു നടന്നകന്നു, മറ്റുചിലർ പുഞ്ചിരിയോടെ നാണയ തുട്ടുകൾ നൽകി. ആരോടും പരിഭവമോ സങ്കടങ്ങളോ പറയാതെ ഒഴിഞ്ഞ മൂലയിൽ കാൽ നീട്ടിയിരുന്ന് ശുദ്ധസംഗീതിന്റെ മാസ്മരിക ലോകം അദ്ദേഹം തീർത്തു.

കലങ്ങി മറിഞ്ഞ മനസ്സിനെ വയലിൻ തന്ത്രികളിൽ നിന്നും കേട്ട സംഗീതം പതിയെ ശാന്തമാക്കി. അവിടെ നിന്നും ഇറങ്ങുമ്പോൾ ആരെയും നോക്കാതെ സംഗീതത്തിൽ മാത്രം ലയിച്ചിരുന്ന ദാദാജി മെല്ലെ കണ്ണ് പൊക്കി എന്നെ നോക്കി പുഞ്ചിരി തൂകി. അതിൽ ഉണ്ടായിരുന്നു എനിക്കുള്ള മറുപടിയും.

തിരിച്ചു റൂമിൽ എത്തി വെളിച്ചം ഇടാതെ പുറത്തുനിന്നും അനുവാദത്തോടെ കടന്നു വന്ന അരണ്ട പ്രകാശം മുറിയിലാക്കേ പടർന്നു. ഉറങ്ങാനായി കട്ടിലിൽ കിടന്നപ്പോഴും സംഗീതം തീർത്ത മനസാനിദ്ധ്യം അപ്പോഴും എന്റെ കാതുകളിൽ ഇമ്പമോടെ മുഴങ്ങുന്നുണ്ടായിരുന്നു ●

# ഫേസ്ബുക്ക്



ഡോ. അപർണ സുജയ



**നീ** എന്താ ചെയ്യുന്നേ... എല്ലാരും അപ്പുറത്തുണ്ട്... നീ ഇവിടെ ഫോൺ നോക്കി ഇരിക്ക്യാണോ...'

'വിനു ഏട്ടാ അമ്മേടെ കേക്ക് കട്ട് ചെയ്യുന്ന വീഡിയോയും രണ്ട് ഫോട്ടോയും പിറന്നാൾ ആശംസകൾ എന്ന് എഴുതി ഒന്ന് ഫേസ്ബുക്കിൽ അപ്ലോഡ് ചെയ്യട്ടെ.. '

'അത് എല്ലാരും പോയിട്ടാവാലോ... അമ്മയോട് നേരിട്ട് ആശംസകൾ ഒക്കെ പറഞ്ഞതല്ലേ.... എന്തിനാ ഇത്ര തിരക്ക്.. '

'എന്റെ വിനു എട്ടാ ഒരു കാര്യം ചെയ്യുമ്പോ അതിന്റെ ചൂടാറും മുന്നേ ചെയ്യണം.'

'ശരി നീ എന്തേലും കാണിക്ക്. '

ഫോൺ ഭ്രാന്തായി മാറിയാൽ എന്തു ചെയ്യാനാ എന്ന് പിറുപിറുത്തുകൊണ്ട് വിനു ദേഷ്യത്തിൽ തിരികെ നടന്നു.ഹാളിൽ വിനുവിന്റെ അമ്മയുടെ എഴുപതാം പിറന്നാൾ ആഘോഷിക്കാൻ എത്തിയ ബന്ധുക്കളും അയല്പക്കക്കാരുമൊക്കെ ഇരുന്ന് സംസാരിക്കുകയായിരുന്നു.വിനു ഭക്ഷണം വിളമ്പാനുള്ള ഒരുക്കത്തിലേക്ക് പോയി. കൂടെ ഇതിനെല്ലാം ഓടി നടക്കേണ്ടവൾ ഫോണും കുത്തി അകത്തിരിക്കുന്നതിന്റെ ദേഷ്യം വിനുവിനുണ്ടായിരുന്നു.

ഫേസ്ബുക്കിൽ അപ്ലോഡ് ചെയ്ത ശേഷം സ്മിത റൂമിനു പുറത്തേക്കെത്തിയതും വന്നവരെല്ലാം ഭക്ഷണമൊക്കെ കഴിച്ചു കഴിയാറായിരുന്നു. അവൾ തല തിരിച്ചു ക്ലോക്കിലേക്ക് നോക്കി. സമയം രണ്ടായിരിക്കുന്നു. എഡിറ്റ് ചെയ്ത് ഫോട്ടോ എല്ലാം ഇട്ട് ക്യാപ്ഷൻ പരതി അതെല്ലാം വെക്കുമ്പോഴേക്കും സമയം പോയത് അവളറിഞ്ഞില്ല.

'നീ ഇതെവിടായിരുന്നു മോളേ..' വേഷ്ടിയും മുണ്ടൊക്കെ ഉടുത്ത് പ്രായം എഴുപതാ യിട്ടും പ്രസരിപ്പോടെ ഹാളിലെ വലിയ കസേരയിൽ ഇരിക്കുന്ന ദേവകിയമ്മ അതായത് സ്മിതയുടെ അമ്മായിയമ്മ അവളോട് അന്വേഷിച്ചു.

'എന്തോ വയറിനു പിടിച്ചില്ലെന്നു തോന്നുന്നു.. രണ്ട് മൂന്ന് തവണ ബാത്ത്റൂമിൽ പോയി.' അമ്മായിയമ്മയിൽ നിന്നും രക്ഷപെടാൻ സ്മിത ഒരു കള്ളം തട്ടിവിട്ടു.

'അതെയോ...ഇവിടെ എല്ലാരും നിന്നെ അന്വേഷിക്കുന്നുണ്ടായിരുന്നു . വിനു അറിയില്ലേ, കാണിക്കണോ ഡോക്ടറെ '

'അതൊന്നും വേണ്ട അമ്മേ... ഇപ്പൊ ആശ്വാസോണ്ട് 'അതും പറഞ്ഞു സ്മിത അമ്മായിയമ്മയുടെ അടുത്ത് നിന്നും തടിതപ്പി.

ഭക്ഷണം കഴിച്ചു കഴിഞ്ഞ് വന്നവരെല്ലാം തിരിച്ചു പോകാൻ തുടങ്ങി.

അയൽപക്കത്തെ ചേച്ചിമാർ പോകുന്നതിനിടയിൽ സ്മിതയെക്കുറിച്ചായിരുന്നു സംസാരം

'ഓള് വന്നെ കണ്ടോ.. ഇറങ്ങാൻ നേരം കേക്കും മുറിച്ചു പോയതല്ലേ ഓള്. '

'ആരോടും മിണ്ടാൻ കയ്യൂലാഞ്ഞിട്ടാ തോ

ന്ന്. അകത്തു പോയി കുത്തിരിഞ്ഞതായിരിക്കും.'

'വല്ലാത്ത ഒരു മരുമകളായിപോയി ആ തങ്കപ്പെട്ട അമ്മയ്ക്ക് കിട്ടിയേ.. '

ഇങ്ങനെ നീണ്ടുപോയി സ്മിതയെക്കുറിച്ചുള്ള പറച്ചിലുകൾ.

അന്ന് രാത്രി സ്മിത കിടന്നുകഴിഞ്ഞപ്പോൾ ഫോണെടുത്തു ഫേസ്ബുക്ക് തുറന്ന് വന്ന കമന്റ്സിനെല്ലാം മറുപടി കൊടുക്കേണ്ട തിരക്കിലായിരുന്നു. വിനു അടുത്ത് വന്നു കിടന്നതുപോലും അവൾ അറിഞ്ഞില്ല.

അയാൾ ഒന്നും മിണ്ടാൻ നിൽക്കാതെ കിടന്നുറങ്ങി.

പിറ്റേന്ന് രാവിലെ വിനു ഓഫീസിൽ എത്തിയതും അമ്മയുടെ പിറന്നാൾ ആഘോഷത്തെക്കുറിച്ചായിരുന്നു എല്ലാവരുടെയും ചോദ്യം.ഞങ്ങളെയൊന്നും വിളിച്ചില്ലല്ലോ എന്ന് അവർ പരാതി പറയുകയും ചെയ്തു. അതിനിടെ ഫോൺ നോക്കിക്കൊണ്ടിരിക്കുകയായിരുന്ന ഒരു ചേച്ചി പെട്ടന്ന് വിനുവിനോട് ചോദിച്ചു

'ഇന്ന് വീട്ടിൽ ഇഡ്ഡലിയുടെ കൂടെ ഭാര്യയുടെ സ്പെഷ്യൽ കറിയായിരുന്നു ല്ലേ..'

'ങേ.. അതെങ്ങനറിഞ്ഞു?'

'ദാ ഇപ്പൊ വിനുവിന്റെ ഭാര്യ ഫേസ്ബുക്കിൽ ഇട്ടേക്കുന്നു.'

വിനു ചിരിക്കുക മാത്രം ചെയ്ത് അയാളുടെ ഇരിപ്പിടത്തിലേക്ക് പോയി.

അവിടിരുന്ന് മുഖം ചുളിച്ച് തലചൊറിഞ്ഞുകൊണ്ട് വിനു സ്വയം പറഞ്ഞു,

'അവൾടൊരു ഫേസബുക്ക് കാരണം വീട്ടിലെ എന്തേലും ഉണ്ടോ ആർക്കേലും അറിയാത്തതായി.'

അന്ന് ഓഫീസിൽ നിന്നും വീട്ടിലെത്തിയ വിനുവിനു ചായ നൽകി സ്മിതയും അരികിൽ ഇരുന്നു.

'എട്ടാ നമുക്ക് നാളെ എവിടേലും പോയാലോ... നാളെ ഒഴിവ് ദിവസം ആണല്ലോ...'

'എവിടെയാ... നീ പ്ലാൻ ചെയ്യൂ...'

'നമുക്ക് ഗുരുവായൂരിൽ പോയാലോ... കണ്ണനെ കാണാൻ ഒരുപാടായി ആഗ്രഹിക്കുന്നു '

'മം... ശെരി... '

പിറ്റേന്ന് പുലർച്ചെ അവർ ഗുരുവായൂരപ്പനെ കാണാൻ വീട്ടിൽ നിന്നും ഇറങ്ങി. കാറിലായിരുന്നു യാത്ര. സ്മിത ഫോൺ എടുത്ത് വീഡിയോ എടുക്കലും ആ വീഡിയോ ഫേസ്ബുക്കിൽ അപ്‌ലോഡ് ചെയ്ത് ഗുരുവായൂരപ്പന്റെ അരികിലേക്ക് എന്ന് ക്യാപ്ഷൻ ഇടലുമൊക്കെ പെട്ടന്ന് കഴിഞ്ഞിരുന്നു. ഒരു പത്തുമണിയായപ്പോൾ അയല്പക്കത്തെ ജാനു ചേച്ചി ദേവകിയമ്മയുടെ അരികിലെത്തി.

'ആ വാ വാ ഇരിക്ക്.'

'ഒറ്റയ്ക്കായതോണ്ട് വന്നു നോക്കിതാ... മക്കളൊക്ക പോയി അല്ലെ..'

'അവര് പോയത് നീ എങ്ങനറിഞ്ഞു? '

'മരുമകൾ ഗുരുവായൂർ പോകുകയാണെ ന്ന് ഫേസ്ബുക്കിൽ ഇട്ടിരുന്നു. '

'ആണോ... അതിനപ്പറ്റിയൊന്നും എനിക്കറീല്ല... ഇന്നത്തെ കാലത്ത് ഫോൺ ഉള്ളോണ്ട് ആരും ഒന്നും അറിയാണ്ടായി പോവില്ലല്ലോ.. '



'അല്ല, നിങ്ങക്കും പൊയ്ക്കൂടായിരുന്നോ മക്കളോടി.. '

'യാത്ര ഒന്നും ചെയ്യാൻ വയ്യ... അവര് പോയി വരട്ടെ...'

'എന്തേലും ആവശ്യോണ്ടേ വിളിച്ചാ മതി... വീട്ടിലെ പണി ഒന്നും തുടങ്ങീല്ല....ഞാനെന്നാ പോയി വര.. '

'ഓ ശെരി.'

'വയ്യാഞ്ഞിട്ടൊന്നുമാവില്ല അവർ കൂട്ടാഞ്ഞിട്ടാവും.. ആ പെണ്ണ് ഒരു കണക്കാ..'

ജാനു ചേച്ചി പോകുന്ന വഴിയിൽ സ്വയം പിറുപിറുത്തു.

ദേവകിയമ്മയ്ക്കു കാര്യം പിടികിട്ടി.

'ഒറ്റയ്ക്കായതോണ്ടൊന്നും വന്നതല്ല ഞാൻ എന്താ പോകാഞ്ഞേ എന്നൊക്കെ അന്വേഷിക്കാൻ വന്നതാ... ഇവർക്കൊന്നും വേറെ പണിയില്ലേ.. ' എന്നും പറഞ്ഞുകൊ ണ്ട് അവർ അകത്തേക്ക് പോയി.

വെറുതെ അകത്ത് ഒറ്റയ്ക്കിരുന്ന ദേവകിയമ്മ അവരുടെ ചെറിയ നോക്കിയ ഫോണെടുത്ത് സഹോദരിയെ വിളിക്കാമെന്ന് കരുതി.

'ഹലോ... നിന്റെ അസുഖം എങ്ങനുണ്ട്... സുഖോല്ലാഞ്ഞിട്ട അമ്മയെ പിറന്നാൾ ആഘോഷത്തിന് കൂട്ടാതിരുന്നതെന്ന് മോളു പറഞ്ഞു. '

'ആ പെട്ടന്ന് മുട്ടുവേദന അധികായി. ഇപ്പൊ കുറച്ചു ആക്കമുണ്ട്. '

'നിനക്കെന്നെയൊന്ന് വിളിച്ചു നോക്കിക്കൂടെ വല്ലപ്പോഴും... ആ ഫോണൊക്ക പിന്നെന്തിനാ...'

'ഞാൻ അങ്ങ് മറക്കും.... അവിടത്തെ കാര്യങ്ങളൊക്കെ കൃത്യമായി അറിയുന്നോണ്ട് വിളിക്കാൻ മറന്നു പോകും. '

'ഇതെവിടുന്ന കൃത്യമായി അറിയുന്നേ.. '

'എന്റെ മോൾ ഫേസ്ബുക്കിൽ കാണിച്ചു തരാറുണ്ട് നിന്റെ മരുമകൾ ഇടുന്ന ഓരോന്നും..'

'അതുശെരി..'

'ഇന്നിപ്പോ അവർ ഗുരുവായൂരിൽ പോയെന്നു മോളു പറയുന്നുണ്ടായിരുന്നു. '

'അതിപ്പോ നല്ല രസായി.... എല്ലാരും എല്ലാം അറീയ്ന്നുണ്ടല്ലോ...'

'നിന്റെ വീട്ടിലെ ചായക്കൂട്ടൽ വരെ എന്താണ് ചോദിച്ച ഞാൻ പറഞ്ഞുതര.. '

അതുകേട്ടു ദേവകിയമ്മ ചിരിച്ചു, കൂടെ സഹോദരിയും.

അവർ ഫോൺ വെച്ചു കഴിഞ്ഞപ്പോൾ ദേവകിയമ്മ മേശയിലിരിക്കുന്ന പിടിയുള്ള പാട്ടയിൽ നിന്നും വെള്ളം ഗ്ലാസ്സിലേക്കൊഴിച്ചു കുടിച്ചു.

സ്മിതയും വിനുവും ഗുരുവായൂരപ്പനെ തൊഴുത് മടങ്ങിയ ശേഷം ഒരു ഹോട്ടലിലേക്ക് പോയി. കാണാൻ നല്ല വൃത്തിയും വലുപ്പവുമൊക്കെയുള്ള നല്ലൊരു ഹോട്ടൽ ആയിരുന്നു അത്. സ്മിത ഫോൺ ഓണാക്കാൻ തുടങ്ങിയതും വിനു വല്ലാത്തൊരു ഭാവത്തിൽ അവളെ നോക്കി പറഞ്ഞു,

'ദയവ് ചെയ്ത് അപ്‌ലോഡ് ചെയ്യരുത്.. ഫോട്ടോ എടുക്കുന്നത് കൊള്ളാം.. '

'അതെന്താ വിനു ഏട്ടൻ അങ്ങനെ പറഞ്ഞെ...'

'എന്തെങ്കിലുമൊക്കെ രഹസ്യവും വേണ്ടേ ജീവിതത്തിൽ എല്ലാം ഇങ്ങനെ പരസ്യമാക്കണോ... പിന്നെ നീ ഇട്ടോണ്ടിരിക്കുന്നതൊക്കെ കാണുന്നവർക്കും വിശ്രമം വേണ്ടേ... '

വിനുവിന്റെ കളിയാക്കൽ സ്മിതയ്ക്ക് ഒട്ടും ഇഷ്ടമായില്ല. അവൾ ഒന്നും മിണ്ടാതെയിരുന്ന് ഭക്ഷണം കഴിച്ച് എഴുന്നേറ്റു.

അവർ അന്ന് അവിടെ താമസിച്ച് പിറ്റേന്ന് ഒന്നുകൂടെ തൊഴുത് മടങ്ങാനായിരുന്നു തീരുമാനം. അമ്പലത്തിനടുത്തു തന്നെ നല്ലൊരു റൂമെടുത്തു. വിശ്രമമൊക്കെ കഴിഞ്ഞ് വൈകുന്നേരം അമ്പലത്തിൽ പോകാൻ തീരുമാനിച്ചു. വിനുവിനോടുള്ള ദേഷ്യത്തിൽ സ്മിത ഫോണും എടുത്തില്ല, അയാളോട് ഒന്നും മിണ്ടാനും കൂട്ടാക്കിയില്ല. ഇടതുവശം ചരിഞ്ഞു വിനുവിനെ കാണാത്ത രീതിയിൽ കിടന്നു.

പെട്ടന്ന് സ്മിതയ്ക്ക് ദേഹത്തിന് വല്ലാത്ത അസ്വസ്ഥത തോന്നി. അവൾക്ക് ഒക്കാനവും ഛർദ്ദിയും ഉണ്ടായി. രാവിലെ കഴിച്ച മസാലദോശയുടെ കുഴപ്പമാണോ ഇനിയെന്ന് അവർ സംശയിച്ചു. പക്ഷെ വിനുവിന് യാതൊരു പ്രശ്നവും ഉണ്ടായിരുന്നില്ല.ഹോസ്പിറ്റലിൽ പോകാമെന്ന് വിനു പറഞ്ഞപ്പോൾ ഒന്നുകൂടെ നോക്കിയ ശേഷം പോകാമെന്നായി സ്മിത . അവർ കുളിയൊക്കെ കഴിഞ്ഞ് വൈകുന്നേരം അമ്പലത്തിലേക്ക് പുറപ്പെട്ടു. തൊഴുത് കഴിഞ്ഞ് അമ്പലത്തിലെ നൃത്തപരിപാടികൾ ഉള്ളിടത്തേക്ക് പോയി. പക്ഷെ സ്മിതയ്ക്ക് ഇരിക്കാൻ കഴിയുന്നുണ്ടായിരുന്നില്ല. അസ്വസ്ഥത കഠിനമായതോടെ അവർ ഹോസ്പിറ്റലിലേക്ക് പോകാൻ തീരുമാനിച്ചു. ഡോക്ടറും ആദ്യം കരുതിയത് കഴിച്ച ഭക്ഷണത്തിന്റെ പ്രശ്നമെന്നുതന്നെയാണ്. എന്നാലും ചില സംശയങ്ങളുടെ പുറത്ത് അദ്ദേഹം ചില ടെസ്റ്റുകൾ ചെയ്യാനായി നൽകി. സ്മിതയ്ക്കാണെങ്കിൽ ഹോസ്പിറ്റലിൽ എത്തിയപ്പോഴേക്ക് തന്നെ ഒരാശ്വാസം വന്നിരുന്നു. എന്നാലും ഡോക്ടർ പറഞ്ഞ ടെസ്റ്റുകൾ കൂടി ചെയ്ത് റിസൾട്ട് വരാൻ അവർ ക്ഷമയോടെ കാത്തിരുന്നു.

റിസൾട്ട് വന്നതും അവർ ഡോക്ടറെ കാണാൻ വീണ്ടും പോയി.

മുന്നിൽ ചിരിച്ചുകൊണ്ടിരിക്കുന്ന രോഗിയുടെ മുഖത്തേക്ക് അല്പം വിഷമത്തോടെ നോക്കാനേ അദ്ദേഹത്തിന് സാധിച്ചുള്ളൂ. പതിഞ്ഞ സ്വരത്തിൽ ഒരു ചെറിയ കുട്ടിക്ക് കാര്യങ്ങൾ പറഞ്ഞു മനസിലാക്കികൊടുക്കും പോലെ അവരോട് ഡോക്ടർ സംസാരിക്കാൻ തുടങ്ങി.സ്മിതയുടെ കുടലിൽ കാൻസർ പടർന്നുപിടിച്ചിരിക്കുന്നുവെന്ന സത്യം ഡോക്ടർ അവരെ പറഞ്ഞു മനസ്സിലാക്കി. എത്രയും പെട്ടന്ന് കീമോ തുടങ്ങണം എന്നുകൂടെ അറിയിച്ചു.

അടുത്ത ദിവസം തൊഴുതു മടങ്ങാമെന്നു തീരുമാനിച്ചിരുന്ന അവർ അന്ന് തന്നെ റൂം വെക്കേറ്റ് ചെയ്ത് ഗുരുവായൂരപ്പനെ ഒരു നോക്കുകൂടി കണ്ട് കാറിൽ കയറി. പിണക്കവുമില്ല ഇണക്കവുമില്ല, ഒന്നും പരസപരം ഉരിയാടാതെ മുഖത്ത് പോലും നോക്കാതെ വിനുവും സ്മിതയും വീട് എത്തുവോളം ഇരുന്നു.

സമയം രാത്രി ഒമ്പത് മണിയായിരുന്നു. കോളിങ് ബെല്ലിന്റെ ശബ്ദം കേട്ട് ദേവകിയമ്മ ആരാണെന്നു നോക്കിയതും വിനുവിനെയും സ്മി

തയെയും കണ്ടു. സ്മിത ഒന്നും മിണ്ടാതെ അകത്തേക്ക് പോയി. ദേവകിയമ്മ വിനുവിന്റെ മുഖത്തേക്ക് നോക്കി.

'എന്തു പറ്റി സ്മിതയ്ക്ക്... നിങ്ങൾ നേരത്തെ വിളിച്ചപ്പോൾ നാളെ വരുന്നു എന്നല്ലേ പറഞ്ഞത്...'

'അതേ... അവൾക്കൊരു വയ്യായ്ക'

'എന്തുണ്ടായി..'

'ഒന്നുല്ല.... ഒരു തലവേദന... പിന്നെ ഇങ്ങോട്ട് വരാന്ന് കരുതി...'

'ഭക്ഷണം ഒക്കെ കഴിച്ചതാണോ രണ്ടുപേരും.'

'അതേ..'

'എന്നാ നീയും പോയി കിടന്നോ... വിശ്രമിക്ക്.... ഞാനും ഉറങ്ങാൻ കിടന്നതായിരുന്നു. അപ്പോഴാ ബെൽ കേട്ടത്.'

'അമ്മ പോയി ഉറങ്ങിക്കോ എന്നാ..'

അന്ന് രാത്രിയും പരസ്പരം പുണരാതെ നെറുകയിൽ ചുംബിക്കാതെ ഇടംവലം തിരിഞ്ഞ് അവർ കിടന്നു. എന്നാൽ രണ്ടുപേരും ഉറങ്ങിയില്ല. വിനുവിന് തന്റെ ഭാര്യയെ എങ്ങനെ സമാധാനിപ്പിക്കണം എന്നറിയില്ലായിരുന്നു. ഡോക്ടറിന്റെ വാക്കുകൾ കേട്ട ശേഷം അവളോട് എന്തെങ്കിലും മിണ്ടിയാൽ കൈയിൽ നിന്നുപോകുമോ എന്ന ഭയമായിരുന്നു.

അവൾക്കും വിനുവിനെ കെട്ടിപിടിച്ചു അയാളുടെ മാറോടു ചേർന്നു നിന്ന് വിങ്ങിപൊട്ടി കരയണം എന്ന് ആഗ്രഹം ഉണ്ടായിരുന്നെങ്കിലും അടക്കിപിടിച്ചു. അടുത്ത ദിവസം വിനു ആണ് ആദ്യം എഴുന്നേറ്റത്. അയാൾ റൂമിനു പുറത്തേക്ക് എത്തിയതും ദേവകിയമ്മ അന്വേഷിച്ചു,

'സ്മിത എണീറ്റില്ലേ '

'ഇല്ല... അമ്മയോട് ഒരു പ്രധാന കാര്യം പറയാനുണ്ട്. '

എന്തോ ഒരു പിശക് തോന്നിയ ദേവകിയമ്മ വിനുവിന്റെ കണ്ണുകളിലേക്ക് നോക്കി. വിനു ഇന്നലെ നടന്നകാര്യങ്ങളെല്ലാം വിശദമാക്കി.

ദേവകിയമ്മ കൈകൊണ്ട് കസേരയിൽ പിടിച്ച് എങ്ങനെയെല്ലാമോ അവിടെ ഇരുന്നു.

'എന്താ ഞാനീയ് കേൾക്കുന്നെ.. എന്ത് പരീക്ഷണമാണ് ദേവിയെ..'

'അമ്മ വിഷമിക്കരുത്. ഇപ്പൊ നമുക്കാവശ്യം ഉൾക്കരുത്താണ്. ഇന്ന് സ്മിതയെക്കൂട്ടി നല്ലൊരു ഡോക്ടറെ കാണണം...'

വിനു അവൾ എഴുന്നേറ്റോ എന്ന് നോക്കാൻ റൂമിലേക്ക് പോയപ്പോൾ തലതാഴ്ത്തി ബെഡിലിരുന്ന് കണ്ണുനീർ തുടയ്ക്കുന്ന സ്മിതയെ ആണ് കണ്ടത്. അയാൾ അരികിൽ ചെന്നിരുന്ന് അവളെ ചേർത്തുപിടിച്ചുകൊണ്ട് കണ്ണുനീർ തുടച്ചുമാറ്റി.അവൾ വിനുവിന്റെ കൈകൾ മുറുകെ പിടിച്ചു, ' ഈ ജീവിതം എനിക്ക് മതിയായില്ല... ' എന്ന് പറഞ്ഞുകൊണ്ട് വീണ്ടും കരഞ്ഞു. വിനു അതിനൊന്നും അത്ര ശ്രദ്ധ കൊടുക്കാത്ത മട്ടിൽ അവളോട് വേഗം റെഡിയാവാൻ ആവശ്യപ്പെട്ടു.

ഡോക്ടറുടെ അരികിൽ എത്തിയതും അടുത്തദിവസം തന്നെ കീമോ തുടങ്ങി. ദിവസങ്ങളും മാസങ്ങളും കഴിഞ്ഞു പോയി. ഗുരുവായൂരിൽ നിന്നും മടങ്ങിയ ശേഷം വല്ലപ്പോഴും ഒന്ന് സ്വന്തം വീട്ടിലേക്കോ മറ്റോ വിളിക്കാനല്ലാതെ സ്മിത ഫോണെടുത്തിട്ടില്ല. ബന്ധുക്കളും നാട്ടുകാരും സ്മിതയുടെ ഫേസ്ബുക്ക് പോസ്റ്റുകളൊന്നും കാണാതായതോടെ സ്മിതയും വിനുവും തമ്മിൽ പ്രശ്നത്തിലാണെന്നും വേർപിരിയലിന്റെ വക്കിൽ വരെ എത്തിയിരിക്കയാണെന്നും സ്മിതയിപ്പോൾ ആ വിഷമിത്തിലായതുകൊണ്ടാണ് പോസ്റ്റുകളൊന്നും ഫേസ്ബുക്കിൽ അപ്‌ലോഡ് ചെയ്യാത്തതെന്നു വരെ കഥകൾ മെനഞ്ഞു. ഒരിക്കൽ കീമോ കഴിഞ്ഞ് വരുമ്പോൾ ജാനു ചേച്ചി സ്മിതയെ ദൂരെ നിന്നു കാണാനിടയായി. മുടിയൊക്കെ പോയ സ്മിതയെ കണ്ടപ്പോൾ കേട്ടതൊക്കെ ശെരിതന്നെയെന്ന് അവർ ഉറപ്പിച്ചു.

'മുടിയൊക്ക പോക്കി ഫാഷൻ ആക്കി ഓക്കു തോനുമ്പോല നടക്കല്ലേ.. പിന്നെ ഓന് ഇഷ്ടപ്പെടുമോ..' എന്നൊക്കെ അവർ എല്ലായിടത്തും പറഞ്ഞു പരത്തി.

അങ്ങനെയിരിക്കെയാണ് ഒരുദിവസം ആംബുലൻസ് ശബ്ദം കേട്ട് അവർ എവിടുന്നാണെന്ന് നോക്കിയത്. വിനുവിന്റെ വീട്ടിൽ നിന്നുമാണെന്ന് മനസിലാക്കിയപ്പോൾ ദേവകിയമ്മയ്ക്ക് എന്തെങ്കിലും പറ്റിയോയെന്ന് ഭയന്ന് അവർ ഓടിച്ചെന്നു.ആരൊക്കയോ അവിടെ കൂടിയിട്ടുണ്ടായിരുന്നു. ആംബുലൻസ് വന്നതും സ്മിതയുടെ അമ്മ അലറികരഞ്ഞുകൊണ്ട് ഓടിയെത്തി. ജാനു ചേച്ചിക്ക് ഒന്നും മനസിലായില്ല. സ്ട്രക്ച്ചറിൽ നിന്നും പുറത്തേക്കെടുത്ത സ്മിതയുടെ ശരീരം കണ്ട് അവർ ഞെട്ടി.

ജാനു ചേച്ചി ചുണ്ടുകളെ അമർത്തിപിടിച്ചു. കണ്ണിൽ നിന്നും അറിയാതെ അശ്രു പുറത്തേക്ക് ചാടി.

അടുത്ത ദിവസം ബന്ധുക്കളും നാട്ടുകാരും സ്മിതയുടെ ഫോട്ടോ ഫേസ്ബുക്കിൽ അപ്‌ലോഡ് ചെയ്ത് പ്രിയപ്പെട്ട സ്മിതയ്ക്ക് ആദരാഞ്ജലികൾ എന്നെഴുതി. തന്റെ മരണം ഫേസ്ബുക്കിൽ ഇത്രയേറെ ആഘോഷമാക്കിയ കാര്യം സ്മിതയ്ക്കു മാത്രം അറിയാൻ കഴിഞ്ഞില്ല.ഒരുപക്ഷെ അവൾ പരലോകത്തു നിന്നും അതെല്ലാം കണ്ടിരിക്കാം....

# അസ്തമയത്തിന്റെ മിഴിമൂടിയ കാഴ്ചകൾ



ശ്രീശുഭ



കഥ

കടലിന്റെ കരയിലേക്കുള്ള യാത്ര ഒരു ദൂരത്തിലേക്ക് –not just in space but in soul-നിന്നുള്ള യാത്രയായി മാറി. തിരമാലകൾ തീരത്തേക്ക് പതിയെ പതിയെ പതിച്ചു വന്നപ്പോൾ അവയുടെ ദീർഘനാദം ഹൃദയത്തിൽ പതിഞ്ഞ് സമാധാനത്തിന്റെ പുഴയായി ഒഴുകി. ചുറ്റുമുള്ള ആൾത്തിരക്കും വൈകുന്നേരകാറ്റിൽ വീശി, ഓരോ കനലും കരഞ്ഞു തന്നെ അണയുന്ന ഒരു ദിവ്യാനുഭവമായി. സൂര്യന്റെ ചൂട് പോലും കടലിന്റെ മൗനത്തിൽ ശാന്തിയായി. അറ്റമില്ലാത്ത ആകാശവും തീരമില്ലാത്ത കടലും ചേർന്ന് ഒരുമിക്കുന്നിടത്തായിരുന്നു ഞാൻ നിന്നത്–ഒരു സാക്ഷിയായി.

ചുറ്റുമുള്ളവർ ചിരിയോടെ ആനന്ദത്തിൽ മുഴുകിയിരുന്നിട്ടും, എനിക്ക് ആ നിമിഷം ഓർമകളുടെ കനൽ കണ്ണുകളിലേക്കിറങ്ങി. തിരമാലകളുടെ മൃദുലമായ ശബ്ദം പോലെ, ഒരു ആത്മസ്പർശിയായ കാറ്റ് മനസ്സിൽ ഒഴുകി.

ഞങ്ങൾ ഒരു മരക്കൊമ്പിൽ ഇരുന്നു സൂര്യനെ നോക്കി. അസ്തമയത്തിന്റെ സ്വർണ്ണരശ്മികൾ മൂടിപോകാൻ തുടങ്ങുമ്പോൾ, ഒരു ചെറുബോട്ട് ആ നിമിഷം കടന്നുപോയി. എന്റെ ക്യാമറ അതിനെ തത്സമയം പകർത്തി. അപ്പോഴായിരുന്നു – അതിനൊരാസ്വാദനം പോലെ, വയസ്സിന്റെ ഭാരം പോലും ഇല്ലാത്ത കുഞ്ഞിനെ കൈവശം കൊണ്ടൊരു മെലിഞ്ഞ സുന്ദരി എന്റെയടുത്ത് കൂടി നടന്നു പോയത്. അവളുടെ മുഖത്ത് ദുഃഖത്തിന്റെ

നിഴലുകൾ തഴുകിക്കളിച്ചത്, അതിലെ ശാന്തത എനിക്ക് വിസ്മയം ആയിരുന്നു.

ആ കാഴ്ചകളിൽ കണ്ണുകൾ മയങ്ങി ഇരുന്നത് കൊണ്ട് കുറച്ചു നേരം ഞാൻ അവിടെ തുടർന്നു. പക്ഷേ, അതിനപ്പുറം മനസ്സിൽ ഒരതീവ വികാരങ്ങൾ തിരമാലകളെ പോലെ ചുഴലിക്കാറ്റായി ഉയർന്നു. കൂട്ടത്തിലുണ്ടായിരുന്നവരെ വിട്ട് ഞാൻ അല്പം വേഗം നടന്നു. ഓരോ പാദവുമൊരു ചിന്തയുടെ ഭാരംപിടിച്ച പോലെ, അതിവേഗം എന്നെ അഴിമുഖത്തേക്കെത്തിച്ചു. അവിടെ ആളുകളുടെ വലിയൊരു കൂട്ടം.

സൂര്യൻ അസ്തമിക്കാനൊരുങ്ങുമ്പോൾ തിരമാലകൾ കനത്തു പാറി. നനഞ്ഞ പനിനീർ നിറമുള്ള വസ്ത്രത്തിൽ ആ കുഞ്ഞും, ചുവപ്പു ചുറിദാറിൽ ആ അമ്മയും, ആൾക്കൂട്ടത്തിനിടയിലൂടെ ഒരു ദു:ഖഗാനത്തിൽ ഒഴുകിയെന്ന പോലെ തോന്നി. ഞാൻ ഉറ്റുനോക്കിയപ്പോൾ, ഉള്ളിലെ ആശങ്കയും തിരിച്ചറിവും ഒരേപോലെ തുളുമ്പിയുയർന്നു. പിന്നിൽ പോലീസ് വാഹനത്തിന്റെ ശബ്ദം, ആളുകളുടെ വഴിമാറൽ.

എന്നെ പിന്തുടർന്ന ഭർത്താവ് ആ സങ്കടത്തിൽ ഞാൻ തളരാതിരിക്കാൻ എന്നെ ചേർത്തുപിടിച്ചു. പിന്നെ ഞങ്ങൾ മടങ്ങി. പഴയ മരത്തടിയിൽ വീണ്ടും ഇരുന്ന്, വെള്ളം മുഖത്ത് തളിച്ച്, ആ ഭാവങ്ങളെ തണുപ്പിച്ചു. മുന്നിലൂടെ ആളുകൾ സംസാരിച്ചുകൊണ്ടു കടന്നുപോയ പാതയിൽ ഞങ്ങൾ വീണ്ടും മാറിമാറി നോക്കി.

അസ്തമയ സൂര്യന്റെ അവസാന കിരണങ്ങൾ നിലാവിന്റെ കനത്തിലേക്ക് പടർന്ന് പോകുന്ന ആ നിമിഷത്തിൽ മനസ്സിലായി – അവൾ, ആ മനോഹരി, തന്റെ സ്നേഹത്തിൽ ചായ്ച്ചിരുന്ന ഒരാളാൽ ഉപേക്ഷിക്കപ്പെട്ടവളാണ്. തിരിച്ചു പോകാനുള്ള വഴിയില്ലാതെ, ആ കുഞ്ഞുമായി കടലിന്റെ അഗാധത യിൽ അവളും അസ്തമയ സൂര്യനും ഒരുമിച്ചു മുങ്ങിപ്പോയത് പോലെ.

'ഇനി ഒരിക്കലും അസ്തമയം കാണാൻ വരില്ല' – എന്നൊരു ചിന്തയിൽ, ഞാൻ കടലിനോടും സൂര്യനോടും മനസ്സിന്റെ ആഴത്തിൽ നിന്നു വിടപറഞ്ഞു.

# മൂന്ന് കഥകൾ



## അവൾ

അതുവഴി പോകുമ്പോഴൊക്കെ അവളുടെ താരുണ്യമെന്നിൽ അരിച്ചുകയറുകയാണ്. മട്ടുപ്പാവിൽ നിന്നവർ കണ്ണുകൾ എറിയുമ്പോൾ എന്റെ കൗമാരത്തിന് അഗ്നിപടരുന്നു

നിദ്ര രാവിൻ മടിത്തട്ടിൽ വന്നെന്റെ ഊഞ്ഞാലിൽ തൂങ്ങിയാടും

ഉടയാടകൾ അഴിച്ചു കാണിക്കും

ഒരു നാണവും ഇല്ലാതെ .......!

## വരയും സംസാരവും

നല്ലതുപോലെ വരയ്ക്കും
ചിലന്തിവലകൾ
മുത്തശ്ശി പറഞ്ഞു

നല്ലതുപോലെ സംസാരിക്കും വെട്ടുന്നതും കൊല്ലുന്നതും മായ കാര്യങ്ങൾ അതിൻറെ പ്രായം വെറും രണ്ടു വയസ്സ് മാത്രമുള്ള ഒരു പെൺകുഞ്ഞ്.......!



കുഞ്ഞച്ചൻ മത്തായി

## പാരിജാതകം

പരിചയം ഇല്ലാത്ത ഒരുവൾ വന്നെന്റെ മുന്നിൽ നിന്ന് ചോദിച്ചു....... ' മാഷേ , എനികെവിടെ കിട്ടും പാർക്കാൻ ഒരു കൊച്ചു വീട് ........?'

'ഇവിടങ്ങളിൽ അത്തരം ഒരു വീട് കിട്ടുവാൻ പ്രയാസമാണ് ഞാൻ അന്വേഷിച്ചു പറയാം ഫോൺ നമ്പർ തന്നേക്ക് '

'അതുവരെ ഞാൻ എവിടെ താമസിക്കും?'

'അതൊരു പ്രശ്നമാണ് '

'എങ്കിൽ ഞാനൊരു കാര്യം പറയാം മാഷിൻറെ കൂടെ വരാം ........... ഭക്ഷണമുണ്ടാക്കി തരാം. ...........വസ്ത്രം കഴുകി ഇത്തിരി ഇട്ടു തരാം ....... വീടും മുറ്റവും അടിച്ചു വാരാം ശമ്പളമായി ഒന്നും വേണ്ട .........!രാത്രിയിൽ മയങ്ങാൻ ഒരു ഇടം അടുക്കള മതിയാകും........ഇങ്ങനെ വന്നവൾ ഇന്നും എന്നോട് ഒപ്പമുണ്ട് എന്റെമക്കളെ പ്രസവിച്ചുമുത്തശ്ശിയായവൾ.....:




കുട്ടികളുടെ മഷിപ്പച്ച പംക്തിയിലേക്ക് എഴുത്തുവഴിയിലെ

# പുതുനാമ്പുകൾക്ക് സ്വാഗതം

**സ്നേ**ഹത്തിന്റെ മഞ്ഞുതുള്ളിയായി ഈ വാക്കുകൾ, നിങ്ങളിൽ നിറയ്ക്കുക, എന്ന സദുദ്ദേശ്യത്തോടെ മഷിപ്പച്ച മാസികയിലെ ബാലപംക്തിയുടെ ദളങ്ങൾ നിങ്ങളുടെ മുന്നിൽ വിടർത്തുന്നു. ഇതിലെ ഓരോ വരികളും ഓരോ ചിത്രവും മുന്നോട്ടുള്ള, നിങ്ങളുടെ ജീവിതത്തിന് കരുതലും പ്രചോദനവുമാകട്ടെ...

കനിവിന്റെ ബാലപാഠങ്ങൾ, നന്മയുടെ വിളനിലങ്ങൾ, എന്നിവ അക്ഷരങ്ങളിലൂടെ ചേർത്തുവച്ച് മുന്നോട്ടു നയിക്കാൻ കുട്ടികളുടെ മഷിപ്പച്ച എന്ന ഈ പംക്തിക്ക് കഴിയുമെന്ന് പ്രതീക്ഷയുണ്ട്.

'സ്നേഹമാണഖിലസാരമൂഴിയിൽ' എന്ന കവി വാക്യത്തിൽ നിന്ന് തന്നെ നമുക്ക് ആരംഭിക്കാം. മുന്നിൽ കാണുന്ന എല്ലാ സഹജീവികളെയും സ്നേഹത്തോടെയും കരുണയോടെയും ഇഷ്ടത്തോടെയും ചേർത്തുവച്ച്, മുന്നോട്ടുപോകാൻ എന്റെ കുരുന്നുകൾക്ക് ആകട്ടെ, നന്മയുടെ പൂവാടിയിൽ നിങ്ങൾ വിതറുന്ന ഓരോ ചെറിയ വിത്തുകളും മരമായും പൂവായും കായായും ഭൂമിക്ക് തണലേകട്ടെ... മാനവരാശിക്ക് അനശ്വര മാതൃകയാവട്ടെ...

കുട്ടികളുടെ മഷിപ്പച്ച വായിക്കുന്ന നിങ്ങളിൽ, തിരിച്ചറിവിന്റെ നനുത്ത പൂക്കൾ വിടരട്ടെ...

ഇനി മുന്നോട്ടുള്ള ജീവിതത്തിൽ ഈ അക്ഷരക്കൂട്ടുകൾ നിങ്ങൾക്ക് തുണയാവട്ടെ.. വളർന്നു വലുതാവുമ്പോൾ വന്ന വഴികൾ മറക്കാതിരിക്കുക... മറ്റുള്ളവർക്ക് മാർഗദീപങ്ങൾ ആവുക... ഭൂമിയിലെ വിലയേറിയ മുത്തുകളാവുക... നമുക്കൊരുമിച്ച് മുന്നേറാം.


*** *** ***


**മ**ഷിപ്പച്ച മാസികയിൽ, 15 വയസിനു താഴെയുള്ളവരുടെ രചനകളാണ് ഉൾപ്പെടുത്തുക. 94462 30972 എന്ന നമ്പറിൽ രചനകൾ വാട്സപ്പ് അയക്കാം. mashippachamasika@gmail.com എന്ന ഐഡിയിലേക്ക് ഇമെയിൽ ആയും രചനകൾ അയക്കാം.

കവിത /കഥ / യാത്രാവിവരണങ്ങൾ / ചിത്രങ്ങൾ / അനുഭവക്കുറിപ്പുകൾ / എന്നിവ ചെറിയ രചനകൾ ആയി പഠിക്കുന്ന ക്ലാസ് / സ്കൂൾ / ഫോൺനമ്പർ സഹിതം അയക്കുക

**അശോകേട്ടൻ**
എഡിറ്റർ,
കുട്ടികളുടെ മഷിപ്പച്ച



**ജോഷ് വിൻ. എൻ.ജെ**
2 A
കൊട്ടേക്കാട് CBPS സ്കൂൾ



**SIYON s pradeep**
6th std
Chendayad up school



**ദ്വിവിക് വർമ്മ** C k
2 A
ANMMUPS തളി



**ഇഹാൻ അബ്ദുല്ല**
2 ബി
എം. ഇ. ടി സ്കൂൾ, നാദാപുരം

# മഴക്കഥ

ഈ മഴയില്ലേ അത് മഴയൊന്നൂല്ല
മഴയ്ക്ക് വെഷമൊണ്ടാവുല്ലേ...
അപ്പൊ കരയും,
അതാണ് മഴ...
അല്ലാതെ മഴയൊന്നൂല്ല...
മഴയ്ക്ക് സന്തോഷോംണ്ടാവൂല്ല,
അപ്പൊ എന്തേലും കാണിച്ച്
സന്തോഷിപ്പിച്ചൂടെ
അപ്പൊ മഴ കരയൂല്ല...
ചിരിച്ചോണ്ട് നിക്കും.

***ദീക്ഷിത് കൃഷ്ണ പി എ***
യുകെജി,
ബാലികാമറിയം എൽ പി സ്കൂൾ, കൊല്ലം.